## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

വയനാട് ദുരന്തം

മി. സ്പീക്കർ: വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും ദുരന്തമുണ്ടായിട്ട് 8 മാസങ്ങളാകാറായിട്ടും ദുരിതബാധിതരുടെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കാത്തതുമൂലം പുനരധിവാസ പ്രവർത്തനങ്ങൾ മന്ദഗതിയിലായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 30-07-2024-ൽ വയനാട് മേപ്പാടി പഞ്ചായത്തിലെ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം എന്നീ ഇടങ്ങളിൽ പുന്നപ്പുഴയുടെ ഇരുകരകളിലുമായി 8 കി.മീ. ദൂരം ഒരു ചതുരശ്ര കി.മീ. ചുറ്റളവിൽ ബാധിച്ച ഉരുൾപൊട്ടൽ ഒരുപക്ഷേ രാജ്യത്തെ ഏറ്റവും ഭയാനകമായ ദുരന്തങ്ങളിൽ ഒന്നാണെന്ന് എല്ലാവർക്കും അറിയാം. ഒരു

ചതുരശ്ര കി.മീ. ചുറ്റളവിൽ 266 പേരുടെ മരണത്തിന് ഇടയാക്കിയ ഒരു ദുരന്തം ലോകത്ത് എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നുപോലും സംശയമാണ്. 32 പേരെ ഇതിനകം കാണാതായിട്ടുമുണ്ട്, അവരെയും മരണപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന സ്ഥിതിവിശേഷം ഉണ്ടായി. ദുരന്ത ബാധിതർ എന്നത് വെറും സർക്കാർ കണക്കല്ല, അവർ ഓജസ്സുള്ള മനുഷ്യരാണെന്ന സമീപനംതന്നെയാണ് തുടക്കം മുതൽ ഈ വിഷയത്തിൽ നമ്മൾ എല്ലാവരുംചേർന്ന് സ്വീകരിച്ചിട്ടുള്ളത്. ദുരന്തബാധിതരെ ചേർത്തുപിടിച്ച് പൂർണ്ണമായും ഉൾക്കൊള്ളുന്ന സമീപനമാണ് നമ്മൾ എല്ലാവരും സ്വീകരിച്ചിരിക്കുന്നത്. രാഷ്ട്രീയ-ജാതി-മത ഭേദമില്ലാതെ എല്ലാവരും ഒത്തൊരുമിച്ച് നിന്നുകൊണ്ടാണ് സമാനതകളില്ലാത്ത ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ രാജ്യത്തിനുതന്നെ മാതൃകയായത്. അന്നുരാവിലെ നാല് മണിക്ക് കെ.എസ്.ഡി.എം.എ.(Kerala State Disaster Management Authority)-യുടെ യോഗത്തിലിരിക്കുമ്പോൾ ബഹുമാനപ്പെട്ട കളക്ടർ, സ്ഥലം എം.എൽ.എ. എന്നിവരുടെ ഫോൺവിളികൾക്കുശേഷം ആദ്യമായി പുറത്തുനിന്നും വിളിക്കുന്നത് ഈ പ്രവർത്തനങ്ങൾക്ക് ഏകോപനം

നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. ആ നിമിഷം മുതൽ ഇതുവരെ എല്ലാവരെയും കൂട്ടിച്ചേർത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നമ്മൾ ഒത്തൊരുമിച്ച് ഏർപ്പെട്ടിരിക്കുന്നത് അഭിമാനകരമായ ദുരന്തനിവാരണ പ്രക്രിയയിലാണ്. ഇരുപത്തിമൂന്ന് ദിവസത്തിനുള്ളിൽ ദുരന്തബാധിതരായ എല്ലാ കുടുംബങ്ങളെയും ദുരന്ത മേഖലയിലുള്ളവരെയും ഭയചകിതരായ കുടുംബങ്ങളെയും നമുക്ക് വാടക വീടുകളിലേക്ക് മാറ്റാൻ സാധിച്ചു. ജീവനോപാധി സഹായമായി ദിവസവും മുന്നൂറ് രൂപവച്ച് 2181 വ്യക്തികൾക്ക് മൂന്ന് മാസം നൽകി. ഇനി ഒൻപത് മാസം കൂടി നൽകുന്നതിനുള്ള തീരുമാനം കൈക്കൊള്ളാൻ ദുരന്തനിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുമസ്-പുതുവത്സരാശംസകളുടെ ഭാഗമായി രണ്ടായിരം രൂപയുടെ കിറ്റുകൾ 886 ആളുകൾക്ക് നൽകി. ആയിരം രൂപയുടെ പലവ്യഞ്ജന കൂപ്പൺ പുനരധിവാസം പൂർത്തിയാകുന്നതുവരെ എല്ലാ കുടുംബങ്ങൾക്കും നൽകാനായി നാം തീരുമാനിച്ചു. കുടുംബശ്രീ മുഖാന്തരം ദുരന്തബാധിതരായ ഓരോ കുടുംബത്തിനും മൈക്രോ പ്ലാൻ തയ്യാറാക്കി. ഇവിടെ നമ്മളൊരുമിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയാണ് ചെയ്തത്.

ടൗൺഷിപ്പിൽ വീട് വയ്ക്കാനോ, വീട് വയ്ക്കാനായി 15 ലക്ഷം രൂപ അർഹതയുള്ളതോ ആയ ദുരന്തബാധിതരെ കണ്ടെത്താൻ ചില മാനദണ്ഡങ്ങൾ തയ്യാറാക്കി. ഉരുൾപൊട്ടൽ നേരിട്ട് ബാധിച്ചവർ, ഉരുൾ അവശിഷ്ടങ്ങൾ വന്ന് പതിച്ച ഇടങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ, ഉരുൾപൊട്ടൽമൂലം no-go zone ആയി മാറിയ ഭൂമിയിൽ വസിക്കുന്ന കുടുംബങ്ങൾ, ഉരുൾപൊട്ടൽമൂലം ജനവാസം ഇല്ലാതായതിനാൽ ഒറ്റപ്പെട്ടുപോകുന്ന no-go zone അതിർത്തിയിൽ അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങൾ എന്നിങ്ങനെയാണ് മാനദണ്ഡം നിശ്ചയിച്ചത്. ഈ മാനദണ്ഡങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചു. മാനദണ്ഡങ്ങൾ നിശ്ചയിക്കാനുള്ള അധികാരം ദുരന്തനിവാരണ അതോറിറ്റികൾക്കും സർക്കാരിനും ഉണ്ടെന്ന് കോടതി വാദങ്ങൾക്കിടയിൽ വ്യക്തമാക്കി. ഫേസ് -I, ഫേസ് - 2(എ), ഫേസ് - 2(ബി) എന്നിങ്ങനെ മൂന്ന് പട്ടികകൾ തയ്യാറാക്കി. ഒന്നാമത്തെ ലിസ്റ്റിൽ 242 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. DDMA (District Disaster Management Authority) ആണ് അതിന്റെ അതോറിറ്റി. മാനദണ്ഡങ്ങൾ നിശ്ചയിച്ചതും പരാതി കേട്ടതും അന്തിമമായ ലിസ്റ്റ്

പ്രസിദ്ധീകരിച്ചതും DDMA തന്നെയാണ്. ഫേസ് -2 (എ), അതായത്, ശ്രീ. ജോൺ മത്തായി നിർദേശിച്ച no-go zone-ന് അകത്തുള്ള കുടുംബങ്ങളുടെ ലിസ്റ്റും തയ്യാറാക്കിക്കഴിഞ്ഞു, ഇപ്പോൾ അതിലെ പരാതികൾ കേട്ടുകൊണ്ടിരിക്കുകയാണ്. ഹിയറിങ് പൂർത്തിയാക്കി അന്തിമ നടപടിക്രമങ്ങളിലേക്ക് എത്തിയിട്ടില്ല. 2(ബി) ലിസ്റ്റിൽ ഉൾപ്പെടുന്നത് ദുരന്തബാധിതപ്രദേശത്തോട് ചേർന്നുകിടക്കുന്ന ഐസൊലേറ്റഡായ കുടുംബങ്ങൾ ഉൾപ്പെട്ടതാണ്, അവരുടെ കരട് പട്ടിക തയ്യാറാക്കിക്കഴിഞ്ഞു, ഇതിലെ അപ്പീൽ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അന്തിമ പട്ടിക തയ്യാറാക്കുന്ന നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കും. പ്രസ്തുത ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അധികാരം സ്റ്റാറ്റ്യൂട്ടറി ബോഡിയായ DDMA-ക്കാണ്, ആ ഘട്ടംവരെ സർക്കാർ നേരിട്ട് ഇടപെടുന്നില്ല. അതുകഴിഞ്ഞശേഷവും ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങൾ ഉണ്ടെങ്കിൽ അപേക്ഷ നൽകിയാൽ അവർ നേരത്തേ സൂചിപ്പിച്ച മാനദണ്ഡങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പിച്ചുകൊണ്ട് അക്കാര്യവും പരിശോധിക്കും.

ദുരന്തബാധിതർക്കുള്ള സഹായം നൽകുന്നതിനായി നമുക്കുള്ള സ്രോതസ്സുകളെക്കുറിച്ച് അറിയേണ്ടതുണ്ട്. അതിൽ പ്രധാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ലഭ്യമായിട്ടുള്ള 725.6 കോടി രൂപയാണ്. ഈ തുക ഉപയോഗിച്ചാണ് ടൗൺഷിപ്പിലെ വീടുകൾ, മറ്റ് പൊതു മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട സംവിധാനങ്ങൾ എന്നിവ ഉണ്ടാക്കുന്നത്. കോടതി ഇടപെടലിലൂടെ SDRF (സംസ്ഥാന ദുരന്ത നിവാരണ ഫണ്ട്) മാനദണ്ഡങ്ങളിൽ നിന്ന് മാറ്റിക്കൊണ്ട് 120 കോടി രൂപ ലഭ്യമായിട്ടുണ്ട്, ആ തുക ഉപയോഗിച്ചാണ് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് അറിയാവുന്നതുപോലെ 120 കോടി രൂപ ഉപയോഗിച്ച് നിരവധി റോഡുകൾ പുനഃസ്ഥാപിക്കേണ്ടതുണ്ട്. ചൂരൽമല ഹൈസ്കൂൾ റോഡ്, ചൂരൽമല-മുണ്ടക്കൈ റോഡ്, ചൂരൽമല-ന്യൂ വില്ലേജ് റോഡ്, ചൂരൽമല-ന്യൂ വില്ലേജ് ഓഫീസ് ഗോപീമൂല റോഡ്, മുണ്ടക്കൈ-പുഞ്ചിരിമട്ടം റോഡ്, പുഞ്ചിരിമട്ടം-വനറാണി റോഡ്, ജി.എൽ.പി.എസ്.-ന്റെ 8th നമ്പർ റോഡ് തുടങ്ങി ദുരന്തവുമായി ബന്ധപ്പെട്ട് തകർന്ന എല്ലാ റോഡുകളും പുനഃസ്ഥാപിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുകയാണ്. ഈ റോഡുകളിലെ വൈദ്യുതി വിതരണ

സംവിധാനം അണ്ടർ ഗ്രൗണ്ട് കേബിൾ വഴിയാക്കാനും സോളാർ എനർജി ബാറ്ററി ബാങ്കിങ് സംവിധാനം സ്ഥാപിക്കാനും എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. നമ്മൾ ആദ്യം നൽകിയ അടിയന്തര ദുരിതാശ്വാസ മെമ്മോറാണ്ടം പരിഗണിച്ച് അധികം തുകയൊന്നും നൽകാതിരുന്ന സന്ദർഭത്തിൽ കോടതി ഇടപെട്ടുകൊണ്ടാണ് ആദ്യ ഘട്ടത്തിൽ 120 കോടി രൂപയെങ്കിലും ലഭിച്ചത്. പുന്നപ്പുഴയുടെയുള്ളിലും കരകളിലും ‘ no-go zone’ ആയി മാറുകയും ചെയ്ത ഭൂമിയിൽ അവശിഷ്ടങ്ങൾ മാറ്റി കൃഷിയോഗ്യമാക്കുന്നതിനുവേണ്ടിവരുന്ന തുക പൂർണ്ണമായും സംസ്ഥാന ദുരന്തനിവാരണ നിധിയിൽനിന്നും ചെലവഴിക്കാനും ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും തിരികെ ലഭിക്കാനുമുള്ള അർഹത നമുക്കുണ്ട്. ടൗൺഷിപ്പ് നിർമ്മാണം, റോഡ് നിർമ്മാണം എന്നിവയ്ക്കായി ദുരന്ത അവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തുന്നതുവഴി പുതിയ പാറ ഖനനം പരമാവധി കുറയ്ക്കാനുമാണ് ഈ നടപടിക്രമങ്ങളിലൂടെ സാധ്യമാകുന്നത്. SASCI (Special Assistance to States for Capital Investment)-യിലൂടെ അനുവദിച്ചിട്ടുള്ള ചില ലോണുകളുടെ ഭാഗമായി 16 പദ്ധതികൾ ഇപ്പോൾ

തയ്യാറാക്കുകയാണ്. ടൗൺഷിപ്പിനുള്ള പൊതുറോഡുകൾ, പുന്നപ്പുഴയുടെ കര കെട്ടാനുള്ള നടപടികൾ, വൈത്തിരിയിലും തൊണ്ടർനാട്ടും പനമരത്തുമുള്ള ഫയർ ഫോഴ്സിന്റെ മൂന്ന് സ്റ്റേഷൻ യൂണിറ്റുകൾ എന്നിവ അതിലുൾപ്പെടുന്നു. മുട്ടിൽ-മേപ്പാടി റോഡ് നവീകരണം, ഏറ്റവും ആധുനികമായ രീതിയിൽ ചൂരൽമലയിലെ പുതിയ പാലം നിർമ്മാണം, പുന്നപ്പുഴയുടെ കരയിലോ തീരത്തോ തുണകളില്ലാത്തവിധം പാറകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ് എന്നിവയും 16 പദ്ധതികളുടെ ഭാഗമാണ്. വൈത്തിരി താലൂക്കാശുപത്രിയിലെ പുതിയ കെട്ടിടത്തിനായി 15 കോടി രൂപയാണ് ചെലവഴിക്കുന്നത്. നമ്മുടെ അഭിമാനമായ ഉണ്ണി മാഷിന്റെയും മക്കളുടെയും വെള്ളാർമല സ്കൂൾ നവീകരണം, എൽസ്റ്റോൺ ടൗൺഷിപ്പിൽ 110 കെ.വി. സബ്സ്റ്റേഷൻ, കാരപ്പുഴയിലെ എം.എൽ.ഡി. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, 6 ഹെലിപ്പാഡുകൾ, 8 മൾട്ടി പർപ്പസ് ഷെൽട്ടറുകൾ തുടങ്ങിയ 16 പദ്ധതികൾക്ക് കടമായി ലഭിച്ച പണമാണെങ്കിലും അത് വിനിയോഗിക്കുന്നതിനുള്ള നടപടികളെല്ലാം നിലവിൽ പൂർത്തീകരിച്ചുകഴിഞ്ഞു. അക്കാര്യത്തിൽ ഇതുവരെ പണമൊന്നും ലഭ്യമായില്ലെങ്കിലും പി.ഡി.എൻ.എ. (Post-Disaster Needs Assessment)

അനുസരിച്ചുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. പി.ഡി.എൻ.എ. പ്രകാരം വയനാട്ടിൽ ചില പ്രത്യേക നടപടികളാവശ്യമാണ്. നിലവിൽ അവയിൽ ചിലത് നടപ്പാക്കാൻ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കേന്ദ്ര കാലാവസ്ഥാ വകുപ്പ്, പഴശ്ശി രാജാ കോളേജ് എന്നിവ ചേർന്ന് വയനാട്ടിലെ പനമരത്തുള്ള പഴശ്ശിരാജാ കോളേജിൽ ആധുനിക X-band radar സ്ഥാപിക്കുകയും റഡാർ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങളിലും ദുരന്ത ലഘൂകരണത്തിലും പുതുതലമുറയെ പഠിപ്പിക്കാനുതകുന്ന വിധത്തിലുള്ള ഒരു കോഴ്സ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. X-band radar സ്ഥാപിക്കാൻ ഏറ്റവും ഉചിതമായ സ്ഥലമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് കണ്ടെത്തിയ സ്ഥലത്തുനിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ചാണ് ഇപ്പോൾ പഴശ്ശിരാജാ കോളേജിൽ ആ സ്ഥലമൊരുക്കാൻ തീരുമാനിച്ചത്. വയനാട്ടിൽ അഞ്ചിടങ്ങളിൽ കവചത്തിന്റെ മുന്നറിയിപ്പ് സംവിധാനം ലഭ്യമായിട്ടുണ്ട്. സൈറണുകൾ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയാണ്. വയനാട്ടിൽ ദുരന്തസമയത്ത് വളർത്തുമൃഗങ്ങളെ സംരക്ഷിക്കാനുള്ള താൽക്കാലിക ഷെൽട്ടറുകൾ

തുടർന്നുവേണ്ടിവരുമോ, പ്രയാസങ്ങളുണ്ടാകുമോയെന്നുകരുതി നിർമ്മിക്കാനുള്ള നടപടിയുടെ അവസാനഘട്ടത്തിലാണ്. വയനാട്ടിൽ കൂടുതൽ സൂക്ഷ്മമായ ഉരുൾപൊട്ടൽ പ്രവചന സംവിധാനം സ്ഥാപിക്കാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, അമൃത വിശ്വ വിദ്യാപീഠവുമായി (ഡീംഡ് യൂണിവേഴ്സിറ്റി) സഹകരിച്ച് പ്രവർത്തിക്കുകയാണ്. തീവ്രദിനാവസ്ഥാ നിരീക്ഷണത്തിനായി വയനാട്ടിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് കൂടുതൽ ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള ശ്രമത്തിലാണ്. SASCI-ൽ ഒരു ഹെലിപ്പാഡും 3 അഗ്നിരക്ഷാസേനാ കേന്ദ്രങ്ങളും 8 താൽക്കാലിക ദുരിതാശ്വാസ ഷെൽട്ടറുകളും ഇതിനകം വയനാട്ടിൽ വരുന്നുണ്ട്. ഇതെല്ലാം വയനാട്ടിലെ ദുരന്ത പ്രതിരോധശേഷി ദീർഘകാലാടിസ്ഥാനത്തിൽ വർധിപ്പിക്കും. നേരത്തെ സൂചിപ്പിച്ചതുപോലെ ദുരന്തമുണ്ടായ നിമിഷം മുതൽ കേരളത്തിലെ മുഖ്യമന്ത്രി നേരിട്ട് അവിടെയെത്തി നടത്തിയ പ്രവർത്തനങ്ങളും പല തവണ വയനാട്ടിലും തിരുവനന്തപുരത്തുമായി നടത്തിയ സർവകക്ഷി യോഗങ്ങളും കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കേന്ദ്രമന്ത്രിമാരും വിവിധ രാഷ്ട്രീയ കക്ഷിനേതാക്കളും

ജനപ്രതിനിധികളും ഈ മന്ത്രിസഭയിലെ ഏതാണ്ട് എല്ലാ മന്ത്രിമാരും ദിവസങ്ങളോളം അവിടെ ക്യാമ്പ് ചെയ്തു. ക്യാബിനറ്റിന്റെ പ്രത്യേക ചുമതലക്കാരായി 4 മന്ത്രിമാർ അവിടെത്തന്നെ നിൽക്കുകയുണ്ടായി. വയനാട്ടിലും തിരുവനന്തപുരത്തും സർവകക്ഷിയോഗങ്ങൾ മാത്രമല്ല, പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കിഫ്ബിയെ ചുമതലയേൽപിച്ചു. ദുരന്താഘാതം വിലയിരുത്തുന്നതിന് സാങ്കേതിക വിദഗ്ധരുടെ ഒരു ടീമിനെ നിയോഗിച്ചു. രണ്ട് എസ്റ്റേറ്റുകൾ ഏറ്റെടുത്തു. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള അംഗങ്ങൾ പങ്കെടുത്തുകൊണ്ട് സ്പോൺസർമാരുടെ പ്രത്യേകയോഗം ചേർന്നു. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രമുഖ സ്പോൺസർമാരുമടങ്ങുന്ന ഉപദേശക സമിതിയും ചീഫ് സെക്രട്ടറി ചെയർപേഴ്സണായ ഏകോപന സമിതിയും രൂപീകരിച്ചു. നടപടികൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേകമായി സ്പെഷ്യൽ ഓഫീസറെ നിശ്ചയിച്ചു. പ്രാഥമിക കണക്കുകൾ വിലയിരുത്തി ദുരന്തബാധിതരുടെ എണ്ണം നിശ്ചയിച്ച് അവരെ വിവിധ വിഭാഗങ്ങളിലുൾപ്പെടുത്തി ലിസ്റ്റുകൾ തയ്യാറാക്കി അവസരം നൽകി പരാതി

തീർത്ത് അന്തിമ പട്ടിക തയ്യാറാക്കാനുള്ള ശ്രമത്തിലാണ്. വീടുകൾ നൽകാമെന്ന് വാഗ്ദാനം നൽകിയ സംഘടനകളുമായി മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വീടുപണിയുന്നതിനുള്ള പണം സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. എല്ലാ അഭ്യർത്ഥനയും മാനിച്ചുകൊണ്ട് 30 ലക്ഷം രൂപയിൽനിന്ന് 20 ലക്ഷം രൂപയാക്കാൻ തീരുമാനിച്ചു. നാം ആരും എഞ്ചിനീയർമാരല്ല, ആ വീടിന്റെ ഏതെങ്കിലും സ്പെസിഫിക്കേഷൻ മാറ്റുകയല്ല, 20 ലക്ഷത്തിലധികം വരുന്ന തുക ഏതെങ്കിലും വിധത്തിലുണ്ടെങ്കിൽ അത് ഗവൺമെന്റ് വഹിക്കാമെന്ന ഉത്തരവാദിത്വമാണുള്ളത്. പല ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഈ ലിസ്റ്റുകളൊന്നും അന്തിമമല്ല. ഇപ്പോൾ തയ്യാറാക്കുന്ന ലിസ്റ്റ് പുനരധിവാസത്തിന്റെ ലിസ്റ്റാണ്. കടബാധിതരുടെയും മൈക്രോ പ്ലാനിന്റെയും ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എല്ലാ വിധത്തിലുമുള്ള പുനരധിവാസം ഉറപ്പുവരുത്തുന്ന നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അനന്തമായി നീളുന്ന ഒട്ടും ആലോചനയില്ലാത്ത ഒരു പദ്ധതിയല്ല, മറിച്ച് സൂക്ഷ്മമായി പരിശോധിച്ച് തയ്യാറാക്കിയ വളരെ വേഗം നടപ്പാക്കാവുന്ന ഒരു പദ്ധതിയാണ് നമ്മൾ തയ്യാറാക്കിയിട്ടുള്ളത്. പരാതികളെല്ലാം നമ്മൾ

കേൾക്കും, സാധ്യമായതിനെല്ലാം പരിഹാരമുണ്ടാകും, നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്ന പുനർനിർമ്മാണ പുനരധിവാസ പ്രവർത്തനങ്ങളായിരിക്കും അവിടെ നടപ്പിലാക്കുന്നതെന്നത് ഞാൻ ഉറപ്പിച്ചുപറയുന്നു. ആ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു പുതിയ 'കേരള മോഡൽ' പുനരധിവാസ രംഗത്തുണ്ടാകുമെന്ന കാര്യത്തിലൊരു സംശയവുമില്ല. വർഷങ്ങൾക്കുമുമ്പ് നടന്ന ചർച്ചയിൽ ദുരന്തമുണ്ടായാൽ സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള ബന്ധം ജൈവികമായിരിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. മാത്രമല്ല, കേന്ദ്രം സംസ്ഥാനത്തിന്റെ മുമ്പാകെ ഒരു guardian angel ആയി അവതരിക്കണം. യഥാർത്ഥത്തിൽ ചെകുത്താനായിട്ട് അവതരിക്കുന്ന സ്ഥിതിവിശേഷമാണ് കേന്ദ്രഗവൺമെന്റ് ഈ നാടിനോടും ഈ നാട്ടിലെ മനുഷ്യരോടും ചെയ്യുന്നതെന്ന് നാം കാണുകയാണ്. കേരളത്തിന് വിവിധ പദ്ധതികളിലൂടെ ലഭിക്കേണ്ടിയിരുന്ന പണം പല തൊടുന്യായങ്ങൾ പറഞ്ഞ് നൽകാതിരിക്കുന്ന സമീപനം നമുക്കറിയാം. ഈ ബുദ്ധിമുട്ടുകളുടെയെല്ലാം നടുവിലും ദുരന്തബാധിതരെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അവരുടെ ജീവിതം ദുരന്തത്തിന് മുമ്പുള്ളതിനേക്കാൾ മെച്ചപ്പെട്ടതാക്കി മാറ്റാനുള്ള എല്ലാ

ഇടപെടലുകളും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നമ്മളെല്ലാവരും ഒരു ടീമായി നിന്നുകൊണ്ട് ആ പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കും. മനുഷ്യസാധ്യമായതെല്ലാം നാം അവിടെ ചെയ്യുന്നുണ്ട്. അതിനേക്കാൾ നന്നായി ആ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുതരുന്നു. ചൂരൽമലയിലെ പ്രശ്നം വളരെ ഗുരുതരമായ വിഷയമാണെന്ന് ഞങ്ങൾക്കറിയാം. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ നമ്മളെല്ലാവരും ചേർന്നെടുക്കുന്ന നടപടികളുടെ പശ്ചാത്തലത്തിൽ ഈ വിഷയത്തെക്കുറിച്ച് ഇപ്പോൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന കാര്യം അറിയിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഏറെ വേദനയോടുകൂടിയാണ് വീണ്ടും ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിതരുമായി ബന്ധപ്പെട്ട് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടി വന്നിട്ടുള്ളത്. 2024, ജൂലൈ 30-ാം തീയതി ചൂരൽമലയിലെയും മുണ്ടക്കൈയിലെയും മൂന്ന് വാർഡുകളിൽ സർവനാശം വിതച്ച ഉരുൾപൊട്ടൽ സംഭവിച്ചിട്ട് എട്ട് മാസം പൂർത്തിയാകാൻ പോകുകയാണ്. ഈ സന്ദർഭത്തിൽ ഉടുതുണിക്ക്

മറുതുണിയില്ലാതെ സർവവും നഷ്ടപ്പെട്ട ദുരന്തബാധിതർ ഇപ്പോഴും തങ്ങളുടെ ജീവിതം വീണ്ടെടുക്കാനുള്ള നെട്ടോട്ടത്തിലാണ്. പൊതുസമൂഹത്തിന്റെയും സന്നദ്ധസംഘടനകളുടെയും മറ്റ് മേഖലകളിലുള്ളവരുടെയുമൊക്കെ സഹായത്തോടുകൂടി വളരെ വേഗത്തിൽ മുന്നോട്ടുപോകേണ്ടിയിരുന്ന സുസ്ഥിര പുനരധിവാസ പ്രവർത്തനങ്ങൾ സർക്കാരിന്റെ ഗുരുതരമായ വീഴ്ചയും അനാസ്ഥയുംകൊണ്ട് അതീവ ഗുരുതരമായ സാഹചര്യത്തിൽ എത്തിനിൽക്കുന്ന പശ്ചാത്തലത്തിലാണ് ഈ ഉപക്ഷേപത്തിന് നോട്ടീസ് നൽകേണ്ടിവന്നത്. കേന്ദ്ര സർക്കാരിന്റെ നടപടികൾ കണ്ടാൽ നാം ഇന്ത്യയിൽത്തന്നെയല്ലേ എന്ന് തോന്നിപ്പോകുന്ന അതീവ ഗുരുതരമായ സാഹചര്യമാണുള്ളത്. നാം ആവശ്യപ്പെട്ട അടിയന്തര സഹായം കേന്ദ്ര സർക്കാർ നൽകിയില്ല. അവസാനം, അൻപത് വർഷത്തെ കാലാവധി കഴിഞ്ഞ് തിരിച്ചടയ്ക്കേണ്ടതായ ഒരു കാലപരിധി നിശ്ചയിച്ചാണ് പതിനാറ് പദ്ധതികൾക്കായി കേന്ദ്രം 529.5 കോടി രൂപ നൽകിയത്. എത്രത്തോളം ലജ്ജാകരമായ നടപടിയാണിത്. ജന്മിയുടെ സമീപനത്തോടുകൂടിയാണ് കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടത് എന്നുള്ളത് ദുഃഖത്തോടുകൂടി പറയാൻ

സാധിക്കും. ഇന്ത്യൻ പ്രധാനമന്ത്രി സംഭവസ്ഥലത്ത് നേരിട്ട് വന്ന് കണ്ട ഒരു ദുരന്തത്തിൽ കേന്ദ്ര സർക്കാർ അനുവർത്തിച്ച സമീപനം ഒരു ദുരന്തബാധിത സമൂഹത്തോടും സംസ്ഥാനത്തോടും കാണിക്കേണ്ട മര്യാദയും മനുഷ്യത്വപരവുമായ നടപടിയായില്ല എന്നുള്ളതും ഇതോടൊപ്പം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. കേരളം സ്വീകരിച്ച സമീപനവും ഇതോടൊപ്പം ചേർത്ത് വായിക്കണം. സ്പോൺസർമാരായി വന്നവരുടെ മീറ്റിംഗ് സംസ്ഥാന സർക്കാർ കൃത്യസമയത്ത് തന്നെ നടത്തി അവർക്കാവശ്യമായ സൗകര്യം മുഴുവൻ ചെയ്ത് നൽകാമെന്നും, നിങ്ങൾ ഭവനനിർമ്മാണ പദ്ധതിയുമായി മുന്നോട്ടുപൊയ്ക്കോളൂവെന്നും കണ്ടീഷൻസും സ്പെസിഫിക്കേഷൻസും എന്തെല്ലാമാണെന്നും സർക്കാർ അന്ന് വ്യക്തമാക്കിയിരുന്നെങ്കിൽ, എല്ലാ സ്പോൺസേഴ്സിനെയും കോ-ഓർഡിനേറ്റ് ചെയ്ത് ഭവനനിർമ്മാണ പദ്ധതി പൂർത്തീകരിച്ച്, ദുരന്തം സംഭവിച്ച് ഈ എട്ടാമത്തെ മാസം അവിടത്തെ പാവപ്പെട്ട ജനതയ്ക്ക് ഇന്ന് താമസിക്കുന്ന വീടുകളിൽനിന്ന്, സ്പോൺസർമാർ നിർമ്മിക്കുന്ന അവരുടേതായ വീടുകളിലേക്ക് മാറാമായിരുന്നു. യഥാർത്ഥത്തിൽ ആ പദ്ധതിയെ തകർത്തത് സംസ്ഥാന

സർക്കാരിന്റെ നിരുത്തരവാദപരമായ നടപടിയാണ് എന്നുള്ളത് പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. പുനരധിവാസ പദ്ധതിക്കുവേണ്ടി അടിസ്ഥാനപരമായി ഉണ്ടാകേണ്ടത് ലിസ്റ്റാണ്. മറുപടി പറഞ്ഞ, പ്രിയ സ്നേഹിതനായ മന്ത്രിയോട് അതുസംബന്ധിച്ച് ഞാൻ ചോദിക്കുന്നു. എട്ട് മാസക്കാലമാകാറായിട്ടും പുനരധിവാസവുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് സാധിക്കാത്തത് ഏറ്റവും വലിയ പാളിച്ചയും അനാസ്ഥയുമാണ്. ഗുണഭോക്താക്കളുടെ പട്ടികയാണ് പ്രാഥമികമായും വേണ്ടത്. ഈ പട്ടികയുണ്ടാക്കാൻ എന്തുകൊണ്ട് താമസിച്ചു; നിങ്ങളവിടത്തെ ലോക്കൽ ബോഡിയെയും സർവകക്ഷിയെയും വിശ്വാസത്തിലെടുത്തോ? അവർ ഒരു ലിസ്റ്റുണ്ടാക്കി. അതിനുശേഷം ആ ലിസ്റ്റുമായി യോജിപ്പിച്ചുകൊണ്ട് അനുരഞ്ജനം നടത്തണമെന്ന് പറഞ്ഞു. മാസങ്ങൾക്കുശേഷമാണ് നിങ്ങൾ ആ നടപടികളിലേക്ക് കടന്നത്. അങ്ങനെ മാസങ്ങൾക്കുശേഷം നിങ്ങൾ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ, ഫേസ് 1-ൽ നാൽപ്പത്തിമൂന്ന് പരാതികൾ വന്നു, ഫേസ് 2(എ) പൂർണ്ണമായിട്ടില്ല, ഫേസ് 2(ബി)-യുമായി ബന്ധപ്പെട്ട് 13-ാം തീയതിവരെ

ആക്ഷേപം കേൾക്കുകയാണ്. പ്രാഥമികമായി തയ്യാറാക്കേണ്ടിയിരുന്ന ഒന്നാമത്തെ ലിസ്റ്റ് പൂർത്തീകരിക്കപ്പെട്ടില്ല. രണ്ടാമത്തെ ലിസ്റ്റും പൂർത്തീകരിച്ചിട്ടില്ല, മൂന്നാമത്തെ ലിസ്റ്റിന്റെ ഹിയറിങ് നടന്നുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഒരു ദുരന്തസ്ഥലത്ത് ഇത്തരത്തിലാണോ മുന്നോട്ടുപോകേണ്ടത് എന്ന് സർക്കാർ ഗൗരവമായി ആലോചിക്കണം. അവിടെ ഇടപെട്ട ജില്ലാ പഞ്ചായത്തും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമെല്ലാം വളരെ ശ്രമകരമായ ദൗത്യത്തിന് നേതൃത്വം കൊടുക്കുന്നവരാണ്. ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകളുടെ പരാതി ഉയർന്നുവന്നപ്പോൾ ബഹുമാന്യനായ മന്ത്രിതന്നെ പറഞ്ഞത്, 'ഞങ്ങളല്ല ലിസ്റ്റുണ്ടാക്കിയത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ഗ്രാമപഞ്ചായത്തുകളും DDMA (District Disaster Management Authority)-യും ചേർന്നാണ് ലിസ്റ്റുണ്ടാക്കിയത് ' എന്നാണ്. DDMA സർക്കാരിന്റെ ഭാഗമല്ലേ; മാനദണ്ഡം നിശ്ചയിച്ചത് ആരാണ്? നിങ്ങളാണ് മാനദണ്ഡം നിശ്ചയിച്ചത്. അതനുസരിച്ചല്ലേ അവർക്ക് ലിസ്റ്റ് തയ്യാറാക്കാൻ കഴിയുന്നത്? അങ്ങനെ ലിസ്റ്റുണ്ടാക്കിയപ്പോൾ അങ്ങ് പറഞ്ഞത്, ഈ ലിസ്റ്റുണ്ടാക്കിയതിൽ സംസ്ഥാന സർക്കാരിന് യാതൊരു ബന്ധവുമില്ല

എന്നാണ്. സർക്കാരിനെ സഹായിക്കാൻ മുന്നോട്ടുവന്ന ആളുകളെ ആക്ഷേപിക്കുന്ന തരത്തിൽ സംസാരിച്ചുവെന്ന് മാത്രമല്ല, ലിസ്റ്റിൽ ഉൾപ്പെടാത്ത മുഴുവൻ ആളുകളെയും പ്രാദേശിക ഭരണകൂടത്തിനെതിരെ തിരിച്ചുവിടാനാവശ്യമായ നടപടികൾക്കുകൂടി നേതൃത്വം കൊടുത്തത് ഏറെ ലജ്ജാകരവും ഖേദകരവുമായ വസ്തുതയാണെന്ന് അങ്ങയോട് ചൂണ്ടിക്കാണിക്കേണ്ടിവന്നതിൽ ഏറെ ദുഃഖമുണ്ട്. ഞാൻ ഓരോ തലത്തിലേക്കും വിശദമായി കടന്നുപോകുന്നില്ല. ലിസ്റ്റിന്റെ ഒരു കാര്യം മാത്രം ചൂണ്ടിക്കാണിക്കാം. പതിനൊന്നാം വാർഡിൽ മുണ്ടക്കൈ ബസ്സ്റ്റോപ്പിന് പിന്നിൽ പാഡിയിൽ താമസിച്ചിരുന്ന സിറാജ് ദുരന്തത്തിൽ മരണപ്പെടുകയുണ്ടായി, അദ്ദേഹത്തിന്റെ കുടുംബം ലിസ്റ്റിൽ ഉൾപ്പെട്ടു. എന്നാൽ അതേ പാഡിയിൽ മറുഭാഗത്ത് താമസിച്ചിരുന്ന ചേരിപ്പറമ്പിൽ റഷീദ് ആ കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇത്തരത്തിൽ നിരവധി പോരായ്മകളുണ്ട്. ഹൈസ്കൂൾ റോഡ്, പടവെട്ടിക്കുന്ന്, മാട്ടക്കുന്ന്, ഗോപീമൂല, അട്ടമല, ഏറാട്ടുകുണ്ട്, പുഞ്ചിരിമട്ടം, വനറാണി, റാണിമല ഉൾപ്പെടെയുള്ള പല ഭാഗങ്ങളിൽ ഒറ്റപ്പെട്ടുപോയവരും മറ്റും ഇന്ന് പരാതിയുമായി നിൽക്കുകയാണ്. ആ

പരാതികളിലും തുടർനടപടികൾ സ്വീകരിച്ച് പൂർത്തീകരിക്കാൻ ദുരന്തം സംഭവിച്ച് എട്ട് മാസക്കാലമായിട്ടും സാധിച്ചില്ല. ഞാൻ ഒരു കാര്യം പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പുനരധിവാസത്തിനായി സ്ഥലം നിശ്ചയിക്കുകയുണ്ടായി. NDMA (National Disaster Management Authority) ആക്ട് അനുസരിച്ച്, പുനരധിവാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ദുരന്തബാധിതരുമായി ആലോചിക്കേണ്ടതാണ്. ഇവിടെ ദുരിതബാധിതർക്ക് ഏഴ് സെന്റ് സ്ഥലം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. പത്ത് സെന്റ് സ്ഥലം നെടുമ്പാല എസ്റ്റേറ്റിലും അഞ്ച് സെന്റ് സ്ഥലം കൽപ്പറ്റ എൽസ്റ്റോൺ എസ്റ്റേറ്റിലും കൊടുക്കാനാണ് ആദ്യം നിങ്ങൾ തീരുമാനിച്ചത്. അന്ന് നിങ്ങളെടുത്ത തീരുമാനംതന്നെ തെറ്റായിരുന്നു. എന്താണ് കാരണം? ദുരന്ത ബാധിതരെ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ രണ്ടാക്കി തിരിക്കാൻ അന്ന് നേതൃത്വം കൊടുത്തവരാണ് നിങ്ങൾ. അതുകഴിഞ്ഞ് ഇപ്പോൾ ഏഴ് സെന്റ് കൊടുക്കാൻ നിങ്ങൾ തീരുമാനിച്ചു. അവിടെയുള്ളവർ അൻപത് സെന്റ്, ഇരുപത്തിയഞ്ച് സെന്റ്, രണ്ടര ഏക്കർ, അഞ്ച് ഏക്കർ, പന്ത്രണ്ട് ഏക്കറൊക്കെ കൈവശംവച്ച് ജീവിച്ച ആളുകളാണ് എന്ന കാര്യം നിങ്ങൾ ആലോചിക്കണം.

അവർക്കുവേണ്ടി വളരെ ഗൗരവമായി ഒരാവശ്യം ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നു - നിർബന്ധമായും പത്ത് സെന്റ് ഭൂമിയെങ്കിലും നൽകാത്ത പുനരധിവാസം ഒരിക്കലും മുന്നോട്ടുകൊണ്ടുപോകാനാകില്ല, അത് ചെയ്യരുത്, അക്കാര്യം പുനഃപരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ദുരന്തത്തിൽ നിരവധിയാളുകൾക്ക് പരിക്കേൽക്കുകയുണ്ടായി. അത്തരത്തിൽ പരിക്കേറ്റ ആളുകളുടെ തുടർ ചികിത്സയെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. ഫെബ്രുവരി മാസത്തിലാണ് നിങ്ങൾ അതുമായി ബന്ധപ്പെട്ട കരട് ഓർഡർ പുറപ്പെടുവിക്കുന്നത്. ഈ കഴിഞ്ഞ മാസം, എത്ര ആളുകളുടെ തുടർ ചികിത്സയുമായി ബന്ധപ്പെട്ട് ഞങ്ങൾ ആശുപത്രികളിലേക്ക് വിളിച്ചു എന്നറിയുമോ? ഞാൻ സർക്കാരിന് മുന്നിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അപേക്ഷ നൽകുകയും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയോട് നേരിട്ട് പറയുകയും ചെയ്തല്ലോ. ഇക്കാര്യത്തിൽ എന്താണ് കാലതാമസമുണ്ടാകുന്നത്? നിങ്ങൾ അതിനുവേണ്ടി മാറ്റിവച്ച തുക എത്രയെന്ന് അറിയുമോ? എസ്.ഡി.ആർ.എഫ്. (State Disaster Response Fund)-ൽനിന്ന് അഞ്ച് ലക്ഷം രൂപയാണ് നിങ്ങൾ മാറ്റിവച്ചത്. ബാക്കി തുക പിന്നീട്

കൊടുക്കാമെന്ന് മറുപടി പ്രസംഗത്തിൽ അങ്ങ് പറയുമായിരിക്കും. പക്ഷേ ആലോചിക്കേണ്ട ഒരു കാര്യമുണ്ട്. ജനങ്ങൾ നൽകിയ 750 കോടിയോളം രൂപയിൽനിന്ന് തുടർ ചികിത്സയ്ക്കുവേണ്ടി ഒന്നോരണ്ടോ കോടി രൂപ മാറ്റിവച്ചാൽ നിങ്ങൾക്ക് എന്തെങ്കിലും കുഴപ്പമുണ്ടാകുമോ? വിഷയവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നില്ല. ശരത്‌ലാലിന്റെയും കൃപേഷിന്റെയും കൊലപാതകികളായ ക്രിമിനലുകൾക്ക് സംരക്ഷണം നൽകാൻ സർക്കാർ ഖജനാവിൽനിന്ന് ചെലവഴിച്ചത് 125 ലക്ഷം രൂപയാണ്. പാവപ്പെട്ട ദുരന്തബാധിതരുടെ ചികിത്സയ്ക്ക് ചെലവഴിക്കുന്ന തുക അഞ്ച് ലക്ഷം രൂപയുമാണ്. മാത്രമല്ല അതിനാവശ്യമായ മാനദണ്ഡം തീരുമാനിച്ചത് ഈ ഫെബ്രുവരി മാസത്തിലാണ്. ഒരു സർക്കാരിന്റെ സാന്നിധ്യം ഇവിടെയുണ്ടോ; ഒരു സർക്കാരിന്റെ ഏകോപനം ഇവിടെയുണ്ടോ? മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് എൺപത്തിയഞ്ചോളം വ്യാപാരികളുണ്ട്. അത് പറയുമ്പോൾ ഞാൻ അഭിമാനത്തോടുകൂടി ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നു, ദുരന്തമുണ്ടായപ്പോൾ ശ്രീ. രാഹുൽ ഗാന്ധി, ശ്രീമതി പ്രിയങ്കാ ഗാന്ധി, പാണക്കാട് തങ്ങൾ, പ്രതിപക്ഷനേതാവ്, മുഖ്യമന്ത്രി, മറ്റ്

മന്ത്രിമാർ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തുടങ്ങി എല്ലാവരും വന്നിട്ടുണ്ട്. ഞാൻ ഒരു കാര്യം നിങ്ങളോട് വളരെ വിനയത്തോടുകൂടി ചൂണ്ടിക്കാണിക്കുകയാണ്. ദുരന്തബാധിതർക്ക് പതിനായിരം രൂപ കൊടുക്കാൻ സർക്കാർ തീരുമാനിച്ചു. ആ തുക മാസങ്ങൾ കഴിഞ്ഞാണ് അവർക്ക് ലഭിക്കുന്നത്. ആദ്യമായി ദുരന്തബാധിതരുടെ കൈയിലേക്ക് ലഭിച്ച പണം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് കൊടുത്ത പതിനയ്യായിരം രൂപയാണ്. ഇപ്പോൾ നോമ്പിന്റെ സമയത്ത് വ്യാപാരികൾ അടക്കമുള്ളവർക്ക് കിറ്റുൾപ്പെടെ സാമ്പത്തിക സഹായം കൊടുത്തു. ശ്രീ. രാഹുൽ ഗാന്ധി, മുസ്ലീം ലീഗ് എന്നിവർ വാഗ്ദാനം ചെയ്ത നൂറ് വീതം വീടുകളും കർണ്ണാടക സർക്കാർ ഉൾപ്പെടെ മറ്റുള്ളവർ ഓഫർ ചെയ്ത വീടുകളുമെല്ലാം നിർമ്മിക്കുന്നതിൽ എല്ലാവരുടെയും ഏകോപനമുണ്ട്. വ്യാപാരികളുടെ കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടെന്താണ്? പാവപ്പെട്ട ശ്രീ. റോയി ഉൾപ്പെടെ അവിടെത്തന്നെയുള്ള വ്യാപാരികളും അവിടത്തുകാർ അല്ലാത്ത വ്യാപാരികളുമുണ്ട്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ അവസാനിപ്പിക്കാം. ചൂരൽമല നിവാസിയും അവിടെ പത്ത് കടകളും സ്വന്തമായി കൃഷിയുമുണ്ടായിരുന്ന വ്യാപാരിയുമായ ശ്രീ. പൂക്കോട്ട് അബു ഒരു ഡയാലിസിസ് പേഷ്യന്റാണ്. അദ്ദേഹത്തിന്റെ കടകൾ മുഴുവൻ പോയി, കൃഷി പൂർണ്ണമായും നശിച്ചു. ഡയാലിലിസ് ചെയ്യാൻ എന്തെങ്കിലും സഹായം നൽകണമെന്ന് മറ്റുള്ളവരെ സഹായിച്ച ആ മനുഷ്യൻ കണ്ണുനിറഞ്ഞുകൊണ്ട് പറയുകയാണ്. ഇതെല്ലാം ചോദിക്കാൻ ഒരു സർക്കാരുണ്ടോ; കാണാൻ ഒരു ഗവൺമെന്റിന്റെ സാന്നിധ്യം ഇവിടെയുണ്ടോ? കൃഷിഭൂമി തകർന്ന്, കാർഷിക വിളകൾ നശിച്ചു. അണ്ണയ്യൻ എന്ന കർഷകന്റെ 88 ചാക്ക് കാപ്പി നശിച്ചു. എത്രയോ ആളുകളുടെ കൃഷിഭൂമി നഷ്ടമായി. അവർക്കെല്ലാം എന്തുകൊടുത്തു എന്ന് സർക്കാർ കൃത്യതയോടെ മറുപടി പറയണം. ഇവിടെ മൈക്രോ പ്ലാനിനെക്കുറിച്ച് പറഞ്ഞു, ആറര കോടി രൂപ കുടുംബശ്രീ ആവശ്യപ്പെട്ടെങ്കിലും അഞ്ച് പൈസ ഇതുവരെ കൊടുത്തില്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..... നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ സമയം അവസാനിച്ചു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഇടയ്ക്കുവച്ച് നിർത്തിയ 300 രൂപ ദിനബത്ത മൂന്നുമാസം കഴിഞ്ഞ് കാബിനറ്റ് തീരുമാനിച്ചെങ്കിലും വീണ്ടും കൊടുത്തില്ല. ലോണുകൾ എഴുതിത്തള്ളാനുള്ള നടപടികൾ സ്വീകരിച്ചില്ല.

ഞാൻ അവസാനിപ്പിക്കാം. നിങ്ങൾ ഒന്ന് ആലോചിക്കണം. എട്ട് മാസം കഴിഞ്ഞിട്ടും ജീവനോപാധി തിരിച്ചുനൽകിയില്ല, ഭക്ഷണത്തിന്റെ കൂപ്പൺ നൽകിയില്ല. 300 രൂപ ദിനബത്ത നിർത്തി, ദുരന്തബാധിതർക്ക് വാട്ടർ അതോറിറ്റിയുടെയും കെ.എസ്.ഇ.ബി.എൽ.-ന്റെയും ബിൽ വരികയാണ്. ആറ് മാസം കഴിഞ്ഞിട്ടും അവരുടെ കടങ്ങൾ ഒരു രീതിയിലും എഴുതിത്തള്ളിയില്ല. ഇത്രയും ഗുരുതരമായ സാഹചര്യമാണുള്ളത്. ദുരന്തം സംഭവിച്ച് എട്ട് മാസക്കാലമായിട്ടും ഒരു വീടിന്റെ തറക്കല്ലുപോലും ഇടാതെ ഒരു സർക്കാർ മുന്നോട്ടുപോകുമ്പോൾ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ദുഃഖത്തോടെയാണ് ഈ ഉപക്ഷേപം അവതരിപ്പിച്ചതെന്ന് ബഹുമാനപ്പെട്ട അംഗംതന്നെ സൂചിപ്പിച്ചു. എന്നാൽ ദുരന്തമേഖലയിൽ ഒരു സഹപ്രവർത്തകനായി നിന്ന ഒരാൾ ഇങ്ങനെ പറയുന്നത് അതിനെക്കാൾ ദുഃഖത്തോടെയാണ് ഈ ഗവൺമെന്റിന് കേൾക്കേണ്ടി വന്നത് എന്ന യാഥാർത്ഥ്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട അംഗം ഒരു വരി പറഞ്ഞുപോയി, അത് നന്നായി. കേന്ദ്ര ഗവൺമെന്റിന്റെ നിഷേധാത്മക സമീപനത്തെക്കുറിച്ച് എന്തായിരുന്നു ബഹുമാനപ്പെട്ട അംഗത്തിന്റെ സമരത്തിലും ഇവിടെയും ഉന്നയിച്ച പ്രശ്നം? വളരെ നന്നായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അക്കാര്യം പറഞ്ഞു. നേരത്തെ ഞങ്ങളെല്ലാവരുംകൂടി ചർച്ച ചെയ്തു. പക്ഷെ എന്തിനാണ് അനാവശ്യമായി ഒരു ഗവൺമെന്റിനെതിരായി ഇങ്ങനെ പ്രയാസങ്ങളും പ്രശ്നങ്ങളുമുണ്ടാക്കാൻ ശ്രമിക്കുന്നത്? അവിടെ വന്ന ചില ആളുകളെ നമുക്കറിയാമല്ലോ, നമ്മൾ ഒരുമിച്ച് കണ്ടതല്ലേ; ലഫ്റ്റനന്റ് കേണൽ ഋഷി രാജലക്ഷ്മി, മേജർ ജനറൽ ടി. വി. മാത്യുവിന്റെ നേതൃത്വത്തിലുള്ള 500 പട്ടാളക്കാർ, 18 സേനകൾ, Cadaver

dogs ഉൾപ്പെടെയുള്ള സംവിധാനങ്ങൾ. ആ മന്ത്രിസഭ ഉപസമിതിയിൽ അംഗങ്ങളായിട്ടുള്ള ബഹുമാന്യരായ ഒ. ആർ. കേളു, പി. എ. മുഹമ്മദ് റിയാസ്, എ. കെ. ശശീന്ദ്രൻ എന്നീ മന്ത്രിമാർ ഇവിടെയുണ്ട്. ...(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് സംസാരിക്കൂ.

ശ്രീ. കെ. രാജൻ: സർ, ഞാനിതൊന്നും കാര്യമാക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിനെതിരായി പറയുമ്പോൾ എന്തിനാണ് ഇത്രയും വലിയ വികാരം? ഞാൻ പ്രകോപനത്തിനില്ല, വിഷയത്തിലേക്ക് കടക്കാം. ഈ മന്ത്രിമാർ അവിടെ അവരുടെ കൂട്ടത്തിൽ ദിവസങ്ങളോളം നിന്നവരാണ്. അതുകൊണ്ടാണ് ഞാൻ ആ പേരുകൾ പറഞ്ഞത്. ആ മന്ത്രിമാരോടുപോലും അവിടെനിന്നുപോയ ആർമി സംഘം പറഞ്ഞത് ഇത്ര ഗംഭീരമായ ദുരന്ത നിവാരണ പ്രക്രിയ നടത്താൻ..., ഞങ്ങൾ മാത്രമല്ല, ബഹുമാന്യരായ പ്രതിപക്ഷനേതാവിന്റെയും അവിടത്തെ എം.എൽ.എ.യുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും മറ്റ് എം.എൽ.എ.-മാരുടെയുമൊക്കെ കാര്യം ഞാൻ പറഞ്ഞു. അത്തരത്തിൽ അവിടെ രാഷ്ട്രീയത്തിനതീതമായി മനുഷ്യർ നടത്തിയ ഒരു പ്രക്രിയ എന്നത് കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത ഏറ്റവും ഉജ്ജ്വലമായ ഒരു ദുരന്തനിവാരണ

പ്രക്രിയയാണ്. അക്കാര്യം അവകാശപ്പെടാൻ നമുക്ക് എന്താണ് പ്രയാസം? കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിച്ച നടപടി നമുക്ക് അംഗീകരിക്കാൻ സാധിക്കുന്നതാണോ? ആഗസ്റ്റ് 9-ന് IMCT (Inter-Ministerial Central Team)-യും ആഗസ്റ്റ് 11-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും കേരളം സന്ദർശിച്ചു. ആഗസ്റ്റ് 17-ന് 1202 കോടി രൂപയുടെ നഷ്ടവുമായി ആദ്യത്തെ മെമ്മോറാണ്ടം ഈ കേരളം അവതരിപ്പിച്ചു. ആഗസ്റ്റ് 14-ന് ഡിസാസ്റ്റർ പ്രവർത്തനങ്ങൾക്കുവേണ്ടി നമുക്ക് ഇടപെടാൻ കഴിയുന്ന പുതിയൊരു വിൻഡോ കേന്ദ്ര ഗവൺമെന്റ് ഓപ്പൺ ചെയ്ത് PDNA (Post-Disaster Needs Assessment) പ്രകാരമുള്ള കണക്ക് നോട്ടിഫൈഡ് ദിവസത്തിന് മൂന്ന് മാസത്തിനുള്ളിൽ കൊടുക്കണമെന്ന് പറഞ്ഞപ്പോൾ അതിനെക്കാൾ മുമ്പ് നവംബർ 13-ാം തീയതി 2202 കോടി രൂപയുടെ പുനർനിർമ്മാണത്തിന് കൊടുത്തു. എന്ത് നടപടിയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത്. ഇത്ര വലിയൊരു ദുരന്തമുണ്ടായിട്ട് ആ ദുരന്തത്തെ L3, അതായത് disaster of severe nature ആയി പ്രഖ്യാപിച്ചത് എന്നാണ്? എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ആദ്യ മാസം IMCT റിപ്പോർട്ട് കൊടുത്തു, ഇന്ത്യയുടെ ആഭ്യന്തര

മന്ത്രിക്ക് സമയം ലഭിക്കാത്തതുകൊണ്ട് ഹൈലെവൽ കമ്മിറ്റി കൂടാൻ കഴിയാത്തതുകാരണം പിന്നെയും രണ്ട് മാസം അത് വച്ചിരുന്നു. അതുകഴിഞ്ഞ് മൂന്നാമത്തെ മാസം ഈ ദുരന്തത്തെ disaster of severe nature ആണെങ്കിൽ അത് പറയണ്ടേ? അപ്പോഴും അത് പറഞ്ഞില്ല. പിന്നെയും രണ്ട് മാസക്കാലം അത് കേരളത്തോട് പറയാൻ വൈകി. ജൂലൈ 30-ന് ദുരന്തമുണ്ടായിട്ട് ഡിസംബർ 30-നാണ് കേരളത്തിന് കത്തയച്ചത്. അഞ്ച് മാസക്കാലം ആ വിവരം കേരളത്തിനോട് പറയാതിരുന്നത് അങ്ങനെയുള്ള ദുരന്തത്തിൽ കേരളത്തിന് കിട്ടേണ്ട യു.എൻ. ഉൾപ്പെടെയുള്ള ഏജൻസികളുടെ സഹായം ലംഘിക്കാനല്ലേ?

ഇവിടെ കടബാധ്യതയെക്കുറിച്ച് പറഞ്ഞല്ലോ, കേരളത്തിലെ ഗവൺമെന്റ് കൃത്യമായി കണക്കുണ്ടാക്കിയിട്ടുണ്ട്. 30,62,57,895/- രൂപ, 1207 കേസുകൾ, 779 കുടുംബങ്ങൾ. ആരാണ് ഈ കടം എഴുതിത്തള്ളാനുള്ള പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ടത്? 2005-ലെ Disaster Management Act-ലെ സെക്ഷൻ 13 പ്രകാരം കടങ്ങൾ എഴുതിത്തള്ളാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഒരു തീരുമാനമെടുത്താൽ അപ്പോൾതന്നെ ദേശസാൽകൃത ബാങ്കുകൾ അത്

എഴുതിത്തള്ളും. സ്റ്റേറ്റ് ലെവൽ ബാങ്കിങ് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് പങ്കെടുത്ത് ഇക്കാര്യം ബാങ്കുകളോട് അഭ്യർഥിച്ചില്ലേ? കേന്ദ്ര ഗവൺമെന്റിന്റെ നിർദേശം വരട്ടെ എന്നാണ് അവർ പറഞ്ഞത്. കേരളം എന്തുചെയ്തു എന്ന ചോദ്യത്തിന് ഉത്തരമാണ് എത്രയേറെ തർക്കമുള്ളപ്പോഴും ഞങ്ങൾ അഭിമാനത്തോടെ പറഞ്ഞിരുന്ന, നമ്മളെല്ലാവരും അഭിമാനത്തോടെ പറഞ്ഞിരുന്ന, കേരളത്തിന്റെ സ്വന്തം ബാങ്കായ കേരള ബാങ്ക് ഈ ദുരന്തമുണ്ടായി ഒരു മാസത്തിനകം ആ ബാങ്കിൽ കടമുണ്ടായിരുന്ന മുഴുവൻ ചൂരൽമലക്കാരുടെ കടവും, ഏതാണ്ട് പത്ത് കോടിയോളം രൂപ എഴുതിത്തള്ളി. അതാണ് കേരളം കാണിക്കുന്ന മാതൃക. ഈ ഘട്ടത്തിൽ കേരളം എന്ന നാട് ഇന്ത്യയുടെ ഭാഗമല്ല എന്ന് ബോധ്യപ്പെടുത്തുന്ന വിധത്തിൽ അപകടകരമായ നടപടികളുമായി കേന്ദ്ര ഗവൺമെന്റ് പോകുകയാണ്.

ഇവിടെ നാം പറയേണ്ട ഒരു കാര്യം, ഞാൻ ഒറ്റ വാക്കിൽ പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിൽനിന്നുള്ള ഒരു കേന്ദ്ര മന്ത്രി പാർലമെന്റിൽ അത് പറഞ്ഞതുകൊണ്ടാണ് ഈ നിയമസഭയിൽ ഞാനത് പറയുന്നത്. 'ഞങ്ങൾ അവിടെ ചെല്ലുന്ന സമയത്ത് കേരളത്തിന്റെ മുഖ്യമന്ത്രിയും മന്ത്രിമാരും

എം.എൽ.എ.-മാരുമൊക്കെ ഉറങ്ങിക്കിടക്കുകയായിരുന്നു' എന്ന്. ആരോടാണ് ആ കേന്ദ്ര മന്ത്രി പറയുന്നത്? ഏറ്റവും സാത്വികനായിരുന്ന കമ്മ്യൂണിസ്റ്റ് നേതാവ് എൻ. ഇ. ബാലറാം പാർലമെന്റിൽ സ്വാമിക്ക് എതിരെ നടത്തിയ ഒരു പരിപാടിയുണ്ടായിരുന്നു. സത്യത്തിൽ കേരളത്തിലെ പാർലമെന്റ് അംഗങ്ങൾ അതേ രീതിയിൽതന്നെ പ്രതികരിക്കണമായിരുന്നു. ജൂലൈ 30-ന് ഈ ദുരന്തമുണ്ടായി നാല് മണിക്ക് ഞങ്ങളെ വിളിച്ച് അടിയന്തരമായി അവിടെ പോകണമെന്നാവശ്യപ്പെട്ട കേരളത്തിന്റെ മുഖ്യമന്ത്രി, ആ പ്രവർത്തനങ്ങൾക്കിടയിൽ ഞങ്ങളോട് സംസാരിച്ച് അവിടേയ്ക്കെത്തിയ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ഈ മന്ത്രിസഭയിലെ മഹാഭൂരിപക്ഷം അംഗങ്ങൾ, എം.എൽ.എ., ജനപ്രതിനിധികളുൾപ്പെടെയുള്ളവർ ഈ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. എന്നാൽ കേരളത്തെ അപമാനിക്കാനും ഈ ദുരന്തത്തെ മറികടക്കാൻ കേരളത്തെ സഹായിക്കാത്തവിധം കേരളത്തെ ഒറ്റപ്പെടുത്താനുമുള്ള നടപടികളുമായി പോകുന്ന കേന്ദ്ര ഗവൺമെന്റല്ലേ ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദികൾ? അവിടെ പുനരധിവാസ പ്രവർത്തനത്തിനുണ്ടായ തടസ്സമെന്താണ്?

സ്പോൺസർമാരോട് വീട് നിർമ്മിക്കാൻ ആവശ്യപ്പെടാൻ ആദ്യം സ്ഥലമുണ്ടാകണ്ടേ? ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ദുരന്തബാധിതരോട് കൂടിയാലോചിച്ച് എവിടെ പുനരധിവാസം വേണമെന്ന് പറഞ്ഞത് ആരാണ്? ആഗസ്റ്റ് 23-ാം തീയതി ചീഫ് സെക്രട്ടറി അവിടെ നേരിട്ട് സന്ദർശിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെയുള്ളവരുടെ സാന്നിധ്യത്തിൽ ക്യാമ്പുകളിൽ കഴിയുന്ന ദുരന്തബാധിതരോടുൾപ്പെടെ പുനരധിവാസം എവിടെ വേണമെന്ന് ചോദിച്ചപ്പോൾ 'ഞങ്ങൾക്ക് പരമാവധി മേപ്പാടിയിലോ അതിന് തൊട്ടടുത്ത സ്ഥലത്തോ വേണം' എന്നാണവർ പറഞ്ഞത്. ആദ്യം 25 എസ്റ്റേറ്റുകൾ കണ്ടെത്തുകയും പിന്നീടത് 9 ആക്കി ചുരുക്കുകയും ചെയ്തു. കോട്ടനാട്, താഴെ അരിപ്പറ്റ, ചുണ്ടേൽ, ഈസ്റ്റ് ചുണ്ടേൽ, നെടുമ്പാല, കൽപ്പറ്റയിലെ എൽസ്റ്റൺ, ഓടത്തോട് എൽസ്റ്റൺ, വെള്ളരിമലയിലെ പുതുക്കൊല്ലി എന്നിവയിൽനിന്നും ഏറ്റവും ഉചിതമായ രണ്ട് എസ്റ്റേറ്റുകളായ എൽസ്റ്റണും നെടുമ്പാലയും തിരഞ്ഞെടുത്തു. എന്നാണ് പ്രഖ്യാപിച്ചത്? ജൂലൈ 30-ന് ഈ ദുരന്തമുണ്ടായി 64 ദിവസം കഴിഞ്ഞ് ഒക്ടോബർ 3-ന് ചേർന്ന കേരളത്തിലെ കാബിനറ്റ് യോഗം ആ രണ്ട് ഭൂമിയും ഏറ്റെടുക്കാൻ തത്വത്തിൽ

തീരുമാനിച്ചു. അന്ന് ആ ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ കോടതി ഇടപെട്ടില്ലായിരുന്നെങ്കിൽ യഥാർത്ഥത്തിൽ ഇപ്പോൾ ആ വീടുകളുടെ ലിന്റൽ വാർക്കുന്ന ഘട്ടത്തിലേക്ക് പോകുമായിരുന്നു. ഒക്ടോബർ 4-ാം തീയതി, ഒരു ദിവസം കൊണ്ടുതന്നെ ഗവൺമെന്റ് ഉത്തരവിറക്കി. അങ്ങോട്ട് പ്രവേശിക്കാനുള്ള ഒരു നടപടിയും നാം നടത്തിക്കൂടാ എന്നാണ് എസ്റ്റേറ്റ് ഉടമകൾ കോടതിയിൽ കേസുമായി പോയപ്പോൾ കോടതി പറഞ്ഞത്. അത് നടത്തുകയെങ്കിലും ചെയ്തെങ്കിൽ ആ പ്രശ്നങ്ങൾ മാറുമായിരുന്നു. അവിടെ ജിയോഗ്രാഫിക്കൽ സർവേ, സോയിൽ ടെസ്റ്റ്, ഹൈഡ്രോളജിക്കൽ സർവേ എന്നിവ വേണം. ഡിസംബർ 27-നാണ് അവിടെ പ്രവേശിക്കാൻ കോടതി അനുവാദം നൽകിയത്. അതിനുശേഷം ജനുവരി 1-ാം തീയതി പുതുവത്സര ദിനത്തിൽത്തന്നെ നാലേ നാല് ദിവസം കൊണ്ട് KIIFCON (Kerala Infrastructure Investment Fund Board's (KIIFB) consultancy company)-നെ അതിന്റെ നടത്തിപ്പ് കമ്മിറ്റിയായും ULCCS (Uralungal Labour Contract Co-Operative Society)-നെ അതിന്റെ സംവിധാനങ്ങളായും കൂടാതെ ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ള നിരീക്ഷണ

കമ്മിറ്റി, ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന പരിശോധനാ കമ്മിറ്റി, ഒരു സ്പെഷ്യൽ ഓഫീസർ എന്നിങ്ങനെ നാല് ദിവസംകൊണ്ട് ആ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയി. LARR ACT, 2013 അനുസരിച്ച് ഭൂമി ഏറ്റെടുക്കാൻ എത്ര കാലതാമസം വേണ്ടിവരുമെന്ന് ആളുകൾക്കറിയാം. എന്നാൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ ബോണ്ടിൽ പണം കൊടുക്കണമെന്ന് പറഞ്ഞിട്ടുപോലും അടിയന്തരമായി അവിടെയുള്ള മനുഷ്യർക്ക് പുനരധിവാസം നമ്മുടെ എല്ലാവരുടെയും പ്രശ്നമാണെന്ന ഒറ്റ കാരണംകൊണ്ട് ബോണ്ടിൽ നടപടി സ്വീകരിച്ചുകൊണ്ട് അതുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുകയാണ്. ടോപ്പോഗ്രാഫിക്കൽ സർവേ, ജിയോളജിക്കൽ സർവേ, ഹൈഡ്രോളജിക്കൽ സർവേ, സോയിൽ ടെസ്റ്റിങ് ഉൾപ്പെടെ കഴിഞ്ഞ് ഭൂമി ബോണ്ട് അനുസരിച്ച് പത്ത് ദിവസത്തിനകം ഏറ്റെടുക്കാൻ കഴിയുന്ന വിധത്തിലേക്ക് ആ നടപടി പോയി എന്നുമാത്രമല്ല, ഞാൻ ഈ സഭയെ അറിയിക്കട്ടെ, ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും നമ്മളെല്ലാവരും ചേർന്ന് ഈ വരുന്ന മാർച്ച് മാസം 27-ാം തീയതി അവിടെ നിർമ്മിക്കുന്ന ടൗൺഷിപ്പിന്റെ തറക്കല്ലിട്ട് ആ നിർമ്മാണ

പ്രവർത്തനത്തിലേക്ക് കേരളം കടക്കുകയാണ്. നമ്മളെല്ലാവരും ഒരുമിച്ചായിരിക്കും ആ കാര്യങ്ങളിൽ ഉണ്ടാകുക എന്ന കാര്യംകൂടി ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

കാണാതായവരെ മരണപ്പെട്ടവരായി പ്രഖ്യാപിച്ച ഇത്ര വേഗത്തിലുള്ള ഒരു സംവിധാനം എവിടെയുണ്ട്? മരണപ്പെട്ടവരായി 32 പേരെ കൂടി പ്രഖ്യാപിച്ച് ആ നടപടിക്രമങ്ങൾക്ക് വളരെ വേഗതയിൽ നഷ്ടപരിഹാരം കൊടുത്ത് ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിഞ്ഞു. സമയനിബന്ധനയുള്ളതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല.

കേരളത്തിലെ ചൂരൽമല പ്രദേശത്തുള്ളവർക്ക് എല്ലാ ബാങ്കുകളിലുമായുള്ള കടങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഞങ്ങൾ ഇപ്പോഴും പ്രതീക്ഷിക്കുന്നു, ഇന്ത്യൻ ജനതയുടെ അവകാശമാണ് ആ കടങ്ങൾ എഴുതിത്തള്ളുക എന്നത്. അത് ചെയ്യാത്തപക്ഷം കേരളത്തിലെ വിവിധങ്ങളായ സാധ്യതകൾ പ്രയോജനപ്പെടുത്തി അവിടെയുള്ള മുഴുവൻ കടബാധിതരുടെ പ്രശ്നങ്ങൾ ആവശ്യമായ വിധത്തിൽ കൈകാര്യം ചെയ്യുന്നതാണ്. എല്ലാ കാര്യങ്ങളും നമ്മൾ ഒരുമിച്ചുകൂടി ആലോചിച്ച് ചെയ്യും. ഞങ്ങൾ, നിങ്ങൾ എന്ന

വ്യത്യാസമില്ല. രാഷ്ട്രീയമായി നമുക്ക് പല അഭിപ്രായ വ്യത്യാസങ്ങളുമുണ്ടെങ്കിലും ചൂരൽമലയിൽ നമുക്ക് അഭിപ്രായവ്യത്യാസങ്ങളില്ല. മൈക്രോ പ്ലാനിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ദുരന്തം നേരിട്ടോ അല്ലാതയോ ബാധിച്ച 1112 കുടുംബങ്ങളുടെ പുനരധിവാസത്തിനും അടിയന്തര സഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ ഹ്രസ്വകാല-ദീർഘകാല ഇടപെടലുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മൈക്രോ പ്ലാൻ തയ്യാറാക്കി. ആരോഗ്യത്തിൽ 1290 കുടുംബങ്ങൾ, പോഷകാഹാരത്തിൽ 323, വിദ്യാഭ്യാസത്തിൽ 750, ഉപജീവനത്തിൽ 1890 എന്നിങ്ങനെ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. അവയെല്ലാം ഞാൻ വായിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം പോസിറ്റീവായ കാര്യമാണ് പറഞ്ഞതെങ്കിലും ആളുകൾ കേട്ടാൽ നെഗറ്റീവാണെന്ന് തോന്നും. കേരളത്തെക്കുറിച്ച് എന്ത് കരുതും; കേരളം തുടർചികിത്സയ്ക്ക് പണം നൽകാത്ത സ്ഥലമാണോ; തുടർചികിത്സയ്ക്ക് പണം നൽകുന്നതിനുള്ള കൃത്യമായ മാനദണ്ഡം, സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ, ദീർഘ ചികിത്സയ്ക്ക്............ഞാൻ പറയാം..........

<u>മി. സ്പീക്കർ</u>: പ്ലീസ്......പ്ലീസ്......... അങ്ങ് പറയൂ.

ശ്രീ. കെ. രാജൻ: സർ, ദീർഘ ചികിത്സ സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്തവർക്ക് മെഡിക്കൽ ബോർഡ് പരിശോധിച്ച് കോഴിക്കോട്, വയനാട് ജില്ലകളിൽ സൗജന്യ ചികിത്സ, ബില്ലുകൾ ഡി.എം.ഒ.-ക്ക് സമർപ്പിക്കുന്നപക്ഷം നടപടി, അടിയന്തര ചികിത്സയ്ക്ക് KASP എംപാനൽ ചെയ്ത ആശുപത്രികളിൽ അടിയന്തര ചികിത്സ എന്നിവ നൽകും. ബില്ലുകൾ പിന്നീട് നൽകണം. അഞ്ച് ലക്ഷം രൂപ വരെയുള്ള ചികിത്സയ്ക്ക് ഒരു ബാധ്യതയുമില്ല. എങ്ങനെ വിചാരിച്ചാലും കേരളത്തിലെ ജനങ്ങളോടും സഭയോടും ഹൃദയത്തിൽ തൊട്ടുപറയുന്നു, അവിടെ തുടർചികിത്സയോ അടിയന്തര ചികിത്സയോ ആവശ്യമായ ആരെങ്കിലുമുണ്ടെങ്കിൽ, ഇനി എത്രകാലം ആർക്കെങ്കിലും ആവശ്യമായി വന്നാലും അതിനാവശ്യമായ പൂർണ്ണമായ പണം കേരളത്തിലെ ഗവൺമെന്റ് വഹിക്കുമെന്ന കാര്യത്തിൽ ഒരുസംശയവും വേണ്ട. അഞ്ച് ലക്ഷം എന്നത് എന്തെങ്കിലും സാങ്കേതിക തടസ്സമായിരിക്കും. അക്കാര്യം പരിശോധിക്കാം. ഒരു പ്രയാസവും അക്കാര്യത്തിലുണ്ടാകില്ല. കേരളത്തെക്കുറിച്ച് തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കാമോ; ദുരന്ത സ്ഥലത്ത് നിൽക്കുമ്പോൾ നമ്മൾ കേട്ടതല്ലേ;

കേരളത്തിലെ ഗവൺമെന്റ് എന്നുപറഞ്ഞാൽ ഞാനുൾപ്പെടുന്ന ഭരണപക്ഷത്തിലെ അംഗങ്ങൾ മാത്രമല്ല, അതിൽ പ്രതിപക്ഷവുംകൂടി ഉൾപ്പെടും. ദുരന്തനിവാരണ സ്ഥലത്ത് എല്ലാവർക്കും ഭക്ഷണം നൽകി മുന്നേറിയപ്പോൾ അതുവരെ ഭക്ഷണവിതരണ സംഘം നൽകാത്ത ബ്രെഡ് പൂത്ത കഥ അവിടെയുണ്ടായി. വിതരണം ചെയ്യാത്ത ബ്രെഡ് എങ്ങനെയാണ് പൂക്കുന്നത്? അതുവരെ ദുരന്തനിവാരണ സ്ഥലത്തൊരിടത്തും കൊടുക്കാത്ത ബ്രെഡ് പൂത്ത കഥ നമ്മുടെ നാട്ടിലുണ്ടായി. എവിടെയാണ് കൊടുക്കാത്ത ബ്രെഡ് പൂക്കുന്നത്; ആഗസ്റ്റ് 17-ന് കേരളം കേന്ദ്ര ഗവൺമെന്റിന് നൽകിയ മെമ്മോറാണ്ടം, ആഗസ്റ്റ് 23-ന് കോടതിക്ക് സമർപ്പിച്ച മെമ്മോറാണ്ടം ' The cost involved and estimated to be.....' എന്ന മുഖവുരയോടെ കേരളം കേന്ദ്ര ഗവൺമെന്റിനുമുമ്പിൽ കൊടുത്ത മെമ്മോറാണ്ടത്തെപോലും മൃതദേഹം ബറിയൽ നടപടിക്ക് വിധേയമാക്കാൻ കേരള ഗവൺമെന്റ് പണം വാങ്ങിച്ചുവെന്ന് പ്രഖ്യാപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത നടപടി കേരളത്തിലുണ്ടായില്ലേ? സർക്കാർ ഭയക്കുന്നില്ല. ഞങ്ങൾ എല്ലാവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഏറ്റവും ശ്രദ്ധേയമായ നടപടികളിലേക്ക്

ഒരുമിച്ചുപോകുകയാണ്. 2 ബി ലിസ്റ്റ് നേരത്തെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. 8th ജി.എൽ.പി.എസ്.സി. സ്കൂൾ, പുഞ്ചിരിമറ്റം-വനറാണി, മുണ്ടക്കൈ-പുഞ്ചിരിമറ്റം, ചൂരൽമല-മുണ്ടക്കൈ 11-ാം വാർഡ്, ചൂരൽമല-ഹൈസ്കൂൾ റോഡ്, ഫോർമാൻ റോഡ്, ന്യൂ വില്ലേജ് ഓഫീസ് റോഡ്, ന്യൂ വില്ലേജ് ഗോപിമൂല റോഡ്, അട്ടമല റോഡ് പന്ത്രണ്ടും പത്തും വാർഡുകൾ എന്നിവിടങ്ങളിൽ താമസിക്കുന്ന ഐസൊലേറ്റഡായിട്ടുള്ള മനുഷ്യരുടെ പ്രശ്നങ്ങൾ ഈ ഗവൺമെന്റിന് അറിയാത്തതാണോ; നമുക്കെല്ലാവർക്കും ഒരുപോലെ അറിയാവുന്നതല്ലേ; നമ്മളൊരുമിച്ച് അവിടെയെല്ലാം പോയതല്ലേ? അവിടെയുള്ള പ്രശ്നങ്ങളിൽ 2 (ബി) ലിസ്റ്റ് പ്രഖ്യാപിച്ചതേയുള്ളൂ. അവിടെ ഐസൊലേറ്റഡ് എന്ന നിർവചനം എങ്ങനെയാണ് ഉണ്ടാകുന്നത്. അവിടേയ്ക്ക് പോകാൻ കഴിയാതെ ഒറ്റപ്പെടുന്നവർ... നേരത്തെ പറഞ്ഞ SASCI-യിലോ 120 കോടിയിലോ വച്ച് അവിടെ റോഡ് നിർമ്മിച്ച് അവർക്ക് പോകുന്നതിനുള്ള വഴിയെത്തിയാൽ പിന്നീട് പുതിയ വീടിന്റെ ആവശ്യമുണ്ടാകുകയില്ല.

മി. സ്പീക്കർ: യെസ് ബഹുമാനപ്പെട്ട മന്ത്രി....

<u>ശ്രീ. കെ. രാജൻ</u>: സർ, ഞാൻ അവസാനിപ്പിക്കാം. അതുകൊണ്ട് അങ്ങനെ ആരെങ്കിലും ഒറ്റപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് പരാതി നൽകാം. അവരുടെ പരാതി സർക്കാർ കേൾക്കും. ആ പരാതിയിൽ പോസിറ്റീവായ നടപടി സ്വീകരിക്കും. അങ്ങനെ വീടുകളിലേക്ക് തിരിച്ചുപോകുംവരെ ഒറ്റപ്പെട്ട് വഴിയില്ലാത്തവരുടെ 6,000 രൂപ സി.എം.ഡി.ആർ.എഫ്.-ൽനിന്നും നൽകുന്ന നടപടി ഒരുദിവസവും വൈകാതെ കൃത്യമായി അവർക്ക് നൽകും. അതിനുള്ള നടപടി കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കും.

<u>മി. സ്പീക്കർ</u>: യെസ്..... ബഹുമാനപ്പെട്ട മിനിസ്റ്റർ....പ്ലീസ്

<u>ശ്രീ. കെ. രാജൻ</u>: സർ, ഞാൻ ഒരുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ചൂരൽമല ജങ്ഷന് ഒരു ഡിസൈൻ തയ്യാറാക്കുകയാണ്. അങ്ങയോടുകൂടി ആലോചിച്ചായിരിക്കും തയ്യാറാക്കുന്നത്. 'നോ-ഗോ സോൺ'-ൽ ഉൾപ്പെടാത്ത സ്വകാര്യ ഭൂമികളുൾപ്പെടെ കണക്കാക്കിക്കൊണ്ട് ചൂരൽമലയ്ക്ക് ഒരു പുതിയ ഡിസൈൻ തയ്യാറാക്കുകയാണ്. ചൂരൽമലയ്ക്ക് ഉണ്ടാക്കുന്ന പുതിയ ഡിസൈൻ മാത്രമല്ല ചൂരൽമലയിലെ വ്യാപാരികളെയുൾപ്പെടെ പുനരധിവസിപ്പിക്കുന്നതിന്, അങ്ങ് വ്യാപാരികളുടെ കാര്യം മാത്രമേ

പറഞ്ഞുള്ളൂവെന്നതാണ് എന്നെ അത്ഭുതപ്പെടുത്തിയത്. യഥാർഥത്തിൽ അവിടെ ജീപ്പ് ഓടിക്കുന്നവരുണ്ട്. നമ്മളൊരുമിച്ച് അവരെ കണ്ടതാണ്. അറുനൂറോളം ജീപ്പ് ഡ്രൈവർമാരുണ്ട്. അവർക്ക് ഇനി പോകാനിടമില്ല. അവരുടെ ജീപ്പ് തകർന്നിട്ടില്ല. അവരുൾപ്പെടെയുള്ളവരെ പുനരധിവസിപ്പിക്കുന്ന നടപടിക്രമങ്ങളിലേയ്ക്കായിരിക്കും സർക്കാർ പോകുന്നത്. ഒരൊറ്റ ദുരന്തബാധിതരെയും ഒറ്റപ്പെടുത്തുകയില്ല. ഈ ദുരന്തത്തിൽ ഏതെങ്കിലും വിധത്തിലുള്ള നഷ്ടമുണ്ടായ ഒരു വ്യക്തിയെയോ ഏതെങ്കിലും വിധത്തിൽ ലിസ്റ്റിപ്പെടാത്തവരുണ്ടെങ്കിൽ അവരെയോ അവിടെ ഒറ്റപ്പെടുത്തുകയില്ല. ബഹുമാനപ്പെട്ട അംഗം വ്യക്തിപരമായി ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഞാൻ ആ പഞ്ചായത്തിനെയോ ജില്ലാപഞ്ചായത്ത് പ്രസിഡന്റിനെയോ അവിടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനത്തെയോ ഒരുഘട്ടത്തിലും ഞാൻ എതിർത്ത് പറഞ്ഞിട്ടില്ല....... (ബഹളം)... ഇവിടെ ആവർത്തിച്ചതുപോലെ സർക്കാർ ലിസ്റ്റ് പുറത്തിറക്കിയെന്ന് പറയുമ്പോൾ ഇതിന്റെ സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ആരാണെന്ന് ഞാൻ പറഞ്ഞു. സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ

പഞ്ചായത്ത് പ്രസിഡന്റ് വൈസ് ചെയർമാനുമായ ഡി.ഡി.എം.എ. ആണ്. അവർ എല്ലാം അംഗീകരിച്ചുപോയിയെന്ന് ഞാൻ പറഞ്ഞില്ല. അവരുകൂടിയുൾപ്പെട്ട ഒരുകമ്മിറ്റി തയ്യാറാക്കിയ കരടാണത്. അതിൽ പരാതിയുണ്ടെങ്കിൽ രേഖപ്പെടുത്താൻ സമയമുണ്ട്. ഡി.ഡി.എം.എ.-യ്ക്ക് പൂർത്തീകരിക്കാൻ കഴിയാത്ത പ്രശ്നം വരുമ്പോൾ മാത്രമേ സർക്കാർ ഇടപെടുകയുള്ളൂ. നേരത്തെ സർക്കാർ ഇടപെട്ടാൽ അത് സ്വജനപക്ഷപാതത്തിന് തുല്യമാകും. അങ്ങനെ ഇടപെടാൻ പാടില്ല. ദുരന്തനിവാരണ ആക്റ്റ് അനുസരിച്ച് പ്രവർത്തിക്കുമ്പോൾ അങ്ങനെ ഇടപെടാൻ പാടില്ല. നമുക്കൊരു ധാരണയുണ്ടാകണം. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം മനുഷ്യത്വരഹിതമായ, ക്രൂരമായ നടപടിക്കെതിരെ നമുക്കൊരുമിച്ച് നിൽക്കണം. ചൂരൽമലയിലെ ടൗൺഷിപ്പ് അവരുടെ ആവശ്യമാണ്. നേരത്തെ പറഞ്ഞതുപോലെ സ്പോൺസർമാർക്ക് അവസരം നൽകിയിരുന്നെങ്കിൽ അവർ എവിടെ ഭൂമി വാങ്ങിക്കും. വയനാട്ടിലെ മഹാഭൂരിപക്ഷം ഭൂമികളും...... വാങ്ങിച്ചവരുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. മഹാഭൂരിപക്ഷം ഭൂമികളും 81(3)-യുടെ എക്സംപ്ഷൻ പ്രകാരം എസ്റ്റേറ്റ് ആയതോ അല്ലെങ്കിൽ കെ.എൽ.ആർ.

ആക്റ്റനുസരിച്ച് ഏതെങ്കിലും വിധത്തിലുള്ള കെട്ടുപാടുകളിൽ കിടക്കുന്ന ഭൂമിയോ ആണ്. ആ ഭൂമി പണം നൽകി ഏറ്റെടുത്ത് അവർ നൽകിയാൽ മാത്രമെ സ്ഥായിയായ സംവിധാനമാകു എന്നുള്ളതുകൊണ്ട് മാത്രമാണ്. ഒരു കാലതാമസവുമില്ല. ഏതെങ്കിലും വിധത്തിലുള്ള പ്രയാസങ്ങളുണ്ടെങ്കിൽ നമുക്ക് പരസ്പരം കൂടിയാലോചിക്കാം. ഒരുപ്രയാസങ്ങളുമില്ലാതെ ലോകത്തിനുമുമ്പിൽ മഹനീയമായ കേരളത്തിന്റെ പുനർനിർമ്മാണ പുനരധിവാസ പ്രവർത്തനത്തെ ഒരുമനസ്സായി നിന്നുകൊണ്ട് നമുക്ക് അംഗീകരിക്കണമെന്നാണ് പറയാനുള്ളത്. ഒരു കാലതാമസവുമുണ്ടായിട്ടില്ലെന്ന കാര്യവും....... ബഹുമാനപ്പെട്ട അംഗവും മറ്റും പ്രത്യേക കാര്യങ്ങളൊന്നും സൂചിപ്പിക്കാത്തതുകൊണ്ട് പറയുന്ന കാര്യങ്ങളിലെല്ലാം നടപടിയെടുത്ത കാര്യങ്ങളാണെന്നും ഏതെങ്കിലും കാര്യത്തിൽ നടപടികൾ സ്വീകരിക്കാനുണ്ടെങ്കിൽ തുടർനടപടികളെക്കുറിച്ച് ആലോചിക്കാമെന്ന് സൂചിപ്പിച്ചുകൊണ്ട് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ ഇവിടെ നിർത്തുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപേക്ഷത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, മുണ്ടക്കൈ, ചൂരൽമല ദുരന്തമുണ്ടായത് മുതൽ ഇന്നുവരെ സർക്കാർ നടത്തുന്ന എല്ലാ പുനരധിവാസ പ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പൂർണ്ണമായ പിന്തുണയാണ് പ്രതിപക്ഷം പ്രഖ്യാപിച്ചിട്ടുള്ളത്. ഒരു മൈക്രോസ്കോപ്പിക് ലെൻസുവച്ച് ഏതെങ്കിലും തെറ്റുകുറ്റങ്ങൾ ചെറുതായി സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്ന് ഉണ്ടായോയെന്ന് പരിശോധിച്ച് അതിനെ ഊതിവീർപ്പിച്ച് വലിയ വിഷയമാക്കി ഞങ്ങൾ ഒരിക്കലും ഈ എട്ട് മാസക്കാലയളവിൽ കാണിച്ചിട്ടില്ല. വയനാടിൽ ജൂലൈ 30-ാം തീയതി ദുരന്തമുണ്ടായിട്ട് എട്ടാമത്തെ മാസത്തിലേക്ക് കടക്കുകയാണെന്ന യഥാർത്ഥ്യം നമ്മൾ അറിയണം. അവതാരകനായ ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ.-യും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും

പറഞ്ഞതിനോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ക്രൂരമായ അവഗണനയാണ് കേരളത്തോട് കാണിച്ചത്. വയനാട്ടിലെ മരിച്ചവരുടെ റഫറൻസ് നടത്തിയ ഘട്ടത്തിൽപ്പോലും കേരളത്തിലെ പ്രതിപക്ഷം വളരെ ശക്തമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. തെറ്റായ നടപടിയാണ് കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്. കേരളത്തോടുള്ള പൂർണ്ണമായ അവഗണനയും അവർ നമ്മളെ ഇന്ത്യക്കകത്തുള്ളവർ അല്ലായെന്ന കാഴ്ചപ്പാടോടുകൂടി നോക്കി കാണുകയാണ്. L3 കാറ്റഗറിയിൽപ്പെട്ട് അതിതീവ്രദുരന്തമാണെന്ന് പ്രഖ്യാപിച്ചിട്ടുപോലും വേണമെങ്കിൽ നിങ്ങൾക്ക് പലിശ ഇല്ലാതെ കടം തരാം എന്ന ഔദാര്യമാണ് കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും കാണിക്കുന്നത്. അതിനെതിരായി ഏത് അറ്റംവരെയും പോരാടാൻ കേരളത്തിൽനിന്നുള്ള യു.ഡി.എഫ്., എം.പി.-മാരോട് ഈ വിഷയങ്ങൾ ഞങ്ങൾ കർശനമായി പറയുകയും അവർ പാർലമെന്റിൽ ഈ വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും ഈ വിഷയങ്ങൾ ശക്തമായി അവതരിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഞങ്ങൾ ഇവിടെ കൊണ്ടുവന്നത്

എന്തുകൊണ്ടാണ്? നിരവധി പ്രശ്നങ്ങൾ അതുപോലെതന്നെ നിൽക്കുകയാണെന്ന യാഥാർത്ഥ്യം നമ്മൾ അറിയണം. സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടങ്ങളും ചെയ്യേണ്ട നിരവധി ഉത്തരവാദിത്വങ്ങളുണ്ട്. അവിടത്തെ എം.എൽ.എ. കൂടിയായ അഡ്വ. ടി. സിദ്ദിഖ് പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട കാര്യം പരിക്കുപറ്റിയവരുടെ ചികിത്സ അവർക്ക് സ്വയം നടത്തേണ്ടതായി വരുന്നുവെന്നാണ്. അത് യാഥാർത്ഥ്യമാണ്. അതിനുശേഷം ഞങ്ങളെല്ലാവരും പലപ്രാവശ്യം അവിടെ പോയിട്ടുണ്ട്. ഗുരുതരമായി പരിക്കുപറ്റി കിടക്കുന്ന ആളുകൾക്കുപോലും സ്വയംചികിത്സ നടത്തേണ്ട സ്ഥിതിയാണുള്ളത്. പരിക്കുപറ്റിയവർക്ക് എല്ലാ ചികിത്സയും നൽകുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചു. ആ തീരുമാനമെടുത്തത് 2025 ഫെബ്രുവരി 22-ാം തീയതിയാണ്. അവിടെ ഗുരുതരമായ അസുഖങ്ങൾ ബാധിച്ചിട്ടുള്ളവർക്ക് ചികിത്സാ ചെലവുകൾ നൽകുന്നതിനുള്ള മാർഗനിർദേശം തീരുമാനിക്കാനുള്ള യോഗംകൂടി ജില്ലാകളക്ടർ ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഒരു കത്തയയ്ക്കുന്നത് ഇക്കഴിഞ്ഞ ഫെബ്രുവരി മാസം 22-ാം തീയതിയാണ്.

ശ്രീ. കെ. രാജൻ: സർ, അത് റഗുലറൈസേഷനുമായി ബന്ധപ്പെട്ടുള്ള കത്താണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അല്ല. റഗുലറൈസേഷനല്ല. അന്ന് നടന്ന യോഗത്തിൽ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. എന്നെക്കൊണ്ട് പറയിപ്പിക്കല്ലേ; അതുസംബന്ധിച്ച വിശദാംശങ്ങൾ ഗൂഗിൾ മീറ്റിങ് കൂടി പറയുന്നുണ്ട്. ആളുകളുടെ പരാതിയും നിരന്തരമായ സമരങ്ങളും വന്നതിനുശേഷമാണ് ഒരു തീരുമാനമുണ്ടായത്. കഴിഞ്ഞ ഏഴുമാസക്കാലം അവർ ചികിത്സ നേടിയിരുന്നത് സ്വന്തം പോക്കറ്റുകളിലെ പണമെടുത്തും ആരുടെയെങ്കിലും ഔദാര്യത്തിന്റെ ഭാഗമായുമായിരുന്നു. ഇത്രയുംപേർക്ക് ദുരന്തമുണ്ടായിട്ടും അവർക്കൊരു ചികിത്സകൊടുക്കാൻപോലുമുള്ള സൗകര്യം സർക്കാർ ചെയ്തുകൊടുത്തിട്ടില്ല എന്നത് ഗുരുതരമായ തെറ്റാണ്. കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം എം.എൽ.എ. മുൻകൈയെടുത്ത് ചില ഏജൻസികൾ മുഖേന നടപ്പാക്കി എന്നല്ലാതെ സർക്കാരിന്റെ കൈയിൽ അതുസംബന്ധിച്ച ലിസ്റ്റുണ്ടോ? കുട്ടികളുടെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്? ചില ഏജൻസികൾവന്ന് ചിലർക്ക്

സഹായം നൽകിയെന്നല്ലാതെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത്? നേരത്തെ സൂചിപ്പിച്ചതുപോലെ, ആ ദുരന്തത്തിൽ ഭൂമി, വീട്, കൃഷി, ജീവനോപാധികൾ എന്നിവയെല്ലാം അവർക്ക് നഷ്ടപ്പെട്ടു. അവിടെ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന കുട്ടികൾ വരെയുണ്ട്. ആ കുട്ടികളെ എങ്ങനെ പഠിപ്പിക്കും; അവരുടെ ഹോസ്റ്റൽ ഫീസ്, വിദ്യാഭ്യാസ ചെലവ് എന്നിവ എങ്ങനെ നൽകും; അക്കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? അവിടെ പ്രായമായ ആളുകളുണ്ട്, അവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ നേടാൻ അവരുടെ കൈയിൽ ഒരു നയാപൈസപോലുമില്ല. പ്രമേഹ രോഗികൾക്ക് മരുന്ന് വാങ്ങാനും അവരുടെ കൈയിൽ പണമില്ല. ഇതൊക്കെ ഞങ്ങളോട് നേരിട്ട് പറഞ്ഞ കാര്യങ്ങളാണ്. ഞങ്ങളോട് ആവശ്യപ്പെടുന്ന കാര്യങ്ങൾ ഞങ്ങൾ ആരെയെങ്കിലും വിളിച്ചുപറഞ്ഞ് അതിനുള്ള ഏർപ്പാട് ചെയ്തുകൊടുക്കും. അത് മതിയാകുമോ; വാടക വീടുകളിൽ താമസിക്കുന്ന മുതിർന്ന ആളുകളുടെ ആരോഗ്യം ആര് നോക്കും? അവർക്ക് പ്രതിദിന ധനസഹായമായി 300 രൂപ വീതം നൽകിയിരുന്നുവെന്നത് ശരിയാണ്. എന്നാൽ മൂന്നുമാസം കഴിഞ്ഞപ്പോൾ അത്

നിർത്തലാക്കിയിരുന്നു. വീണ്ടും ഒമ്പത് മാസത്തേക്കുകൂടി ആ തുക നൽകുന്നുണ്ടെന്ന് അങ്ങ് പറഞ്ഞു; പക്ഷേ നൽകുന്നില്ല. അവർക്ക് ആ പണം ലഭിക്കുന്നില്ല. അതുകൊണ്ടാണ് അവിടത്തെ എം.എൽ.എ. തന്നെ ഈ സഭയിൽവന്ന് പരാതി ഉന്നയിക്കുന്നത്.

ശ്രീ. കെ. രാജൻ: സർ, അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. പെട്ടെന്ന് ശ്രദ്ധിക്കാത്തതായിരിക്കും. നിയമമനുസരിച്ച്, ഇങ്ങനെയൊരു ദുരന്തമുണ്ടായാൽ അവിടേക്ക് മൂന്ന് മാസത്തേയ്ക്ക് പണം നൽകാനുള്ള അധികാരം മാത്രമെ കെ.എസ്.ഡി.എം.എ.-ക്കുള്ളൂ. എൻ.ഡി.എം.എ.-യ്ക്ക് വേണമെങ്കിൽ തുടർന്നും പണം നൽകാവുന്നതാണ്. അതല്ലെങ്കിൽ ഇതൊരു ഡിസാസ്റ്റർ ഓഫ് സിവിയർ നേച്ചറായി കേന്ദ്രം പ്രഖ്യാപിച്ചതിനുശേഷമുള്ള നടപടിക്രമങ്ങളാണ്. അത് പ്രഖ്യാപിക്കാനുള്ള കത്തുവരെ നൽകിയത് 2024 ഡിസംബർ 30-നാണ്. അതുകൊടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. കാബിനറ്റ് കൂടി അവരോട് നിർദേശിക്കുകയും ആ പ്രഖ്യാപിച്ച ദിവസം മുതലുള്ള മുൻകാല പ്രാബല്യത്തോടെ അത് കൊടുക്കുകയും ചെയ്തു.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ മൂന്നുമാസം കഴിഞ്ഞാൽ പ്രതിദിന ധനസഹായം നൽകാൻ സാധിക്കില്ലെന്ന് നമുക്കറിയാം. ഇവരുടെ പുനരധിവാസം അനിശ്ചിതമായി വൈകുകയാണ്. ഇപ്പോഴൊന്നും നമുക്കവരെ മാറ്റിത്താമസിപ്പിക്കാൻ സാധിക്കില്ല. പിന്നെ അവർ എങ്ങനെയാണ് ജീവിക്കുന്നത്? ഗവൺമെന്റിന് ഇക്കാര്യത്തിൽ മന്ത്രിസഭാ യോഗംകൂടി തീരുമാനമെടുക്കാൻ സാധിക്കില്ലേ; ഈ മൂന്നുമാസം കഴിഞ്ഞുള്ള ദിവസങ്ങൾ, നിങ്ങൾക്ക് ഒരു മാസത്തേക്കോ രണ്ട് മാസത്തേക്കോ മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെയോ അങ്ങ് ഈ സാങ്കേതികമായ കാര്യങ്ങൾ പറഞ്ഞാൽ അവരെങ്ങനെ ജീവിക്കും; അവർക്കാവശ്യമായ മരുന്ന് എങ്ങനെ വാങ്ങും; അവരെങ്ങനെയാണ് ഭക്ഷണം കഴിക്കുന്നത്; അവർ വാടക വീട്ടിലേക്ക് പോയതിനുശേഷം ഇതുവരെ ഒരു കിറ്റുമാത്രമാണ് നൽകിയത്. വാടക വീട്ടിൽ താമസിക്കുന്ന ആളുകൾ ജീവിക്കാനും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനും വേണ്ടി വല്ലാതെ പ്രയാസപ്പെടുന്നുണ്ട്. സർക്കാർ അതിനെ അഡ്രസ് ചെയ്യുന്നില്ല. ജീവനോപാധികൾ നഷ്ടപ്പെട്ട ആളുകൾക്ക് പുതിയ തൊഴിൽ നൽകാനുള്ള എന്തെങ്കിലും സംവിധാനം ഈ എട്ട് മാസമായി

ചെയ്തോ? കൃഷി സ്ഥലം നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം നൽകി അവർക്ക് ഏതെങ്കിലും പൊതുവായൊരു സ്ഥലത്ത് കൃഷി ഇറക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തോ? മൈക്രോ ലെവൽ ഫാമിലി പാക്കേജ് വേണമെന്നാണ് ഞങ്ങൾ പറഞ്ഞത്. ഓരോ കുടുംബത്തിലും ഓരോ സ്ഥിതിയാണ്. ചില വീടുകളിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട് കുട്ടികൾ മാത്രമായിരിക്കും. അത് പ്രത്യേകമായ രീതിയിൽ അഡ്രസ് ചെയ്യണം. ചില സ്ഥലത്ത് കുട്ടികളും മക്കളും കൊച്ചുമക്കളും നഷ്ടപ്പെട്ട് പ്രായമായ മാതാപിതാക്കൾ മാത്രമെ കാണുകയുള്ളൂ. അവരെ എങ്ങനെയാണ് അഡ്രസ് ചെയ്യേണ്ടത്; അവരുടെ വിഷയം അഡ്രസ് ചെയ്യേണ്ടത് എങ്ങനെയാണ്? അതാണ് മൈക്രോ ലെവൽ ഫാമിലി പാക്കേജ് എന്നുപറയുന്നത്. കുടുംബശ്രീ മൈക്രോ ലെവൽ ഫാമിലി പാക്കേജുണ്ടാക്കി ആറര കോടി രൂപയുടെ പദ്ധതിയുണ്ടാക്കി. അവർക്ക് പൈസ കൊടുത്തില്ല. എട്ടുമാസമായി ആ പാക്കേജ് കടലാസിൽ ഉറങ്ങുകയാണ്. ഒരു രൂപപോലും കുടുംബശ്രീയുടെ മൈക്രോ ലെവൽ ഫാമിലി പാക്കേജിന് നൽകിയിട്ടില്ല. എന്തുകൊണ്ട് നൽകിയില്ല? നിങ്ങൾ അംഗീകരിച്ച പ്രോജക്റ്റ് അല്ലേ; എന്നിട്ടും തുക കൊടുത്തില്ല. അതുപോലെ വായ്പകളുടെ തിരിച്ചടവിന്മേൽ

കേന്ദ്രഗവൺമെന്റ് നടപടി സ്വീകരിക്കില്ല എന്ന് മനസ്സിലായപ്പോൾ അതിന്റെ ബദൽ നമ്മൾ ആലോചിക്കണ്ടേ; മുപ്പത് കോടി രൂപയുടെ വായ്പയാണ് സ്റ്റേറ്റ് ബാങ്ക് നൽകിയത്. കോൺഗ്രസ്, യു.ഡി.എഫ്. നേതൃത്വത്തിലുള്ള കാർഷിക ബാങ്കിൽ ഒരുകോടി രൂപയ്ക്ക് മുകളിൽ കടമുണ്ട്. ആ വായ്പ എഴുതിത്തള്ളണമെന്ന് ഞങ്ങൾ സർക്കാരിനോട് അനുമതി ചോദിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ല. കാർഷിക ബാങ്കിന്റെ കടമുണ്ടെങ്കിൽ വായ്പ എഴുതിത്തള്ളണമെന്ന് ഞങ്ങളാണ് അവരോട് വിളിച്ചുപറഞ്ഞത്. പക്ഷേ അവർക്ക് ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. പക്ഷെ സർക്കാർ  അനുമതി നൽകിയിട്ടില്ല. കേന്ദ്ര സർക്കാർ ഈ പാവപ്പെട്ടവരുടെ 30 കോടി രൂപയുടെ വായ്പ എഴുതിത്തള്ളിയില്ലെങ്കിൽ നമ്മൾ അതിന് ബദൽ ആലോചിക്കണ്ടേ; അവർ ചെയ്യുമെന്ന് നിങ്ങൾക്ക് എന്തെങ്കിലും ഉറപ്പുണ്ടോ; പലിശ കൂടിക്കൊണ്ടിരിക്കുകയും ബാങ്കിൽനിന്നും നോട്ടീസ് വന്നുകൊണ്ടിരിക്കുകയുമാണ്. ഇത് ഇയർ എൻഡിങ്ങാണ്. ജപ്തി നോട്ടീസ് വന്നുകൊണ്ടിരിക്കുന്നു. അവിടെ ജപ്തി ചെയ്യാനൊന്നും ഒന്നുമില്ലെങ്കിലും ബാങ്കിൽ ബാധ്യതയല്ലേ? വേറൊരു കാര്യത്തിന് ലോൺ എടുക്കാൻ സാധിക്കുമോ; സിബിൽ സ്കോർ എല്ലാം താഴോട്ടുപോയില്ലേ;

എട്ടുമാസമായി ഈ ലോൺ എടുത്ത...... എല്ലാ വീടുകളിലും ഒരു ലോൺ എങ്കിലമുണ്ടാകും. ആ ലോൺ അടയ്ക്കാത്ത എല്ലാവരുടെയും സിബിൽ സ്കോർ താഴോട്ടുപോയി. ഇത് പൂർത്തിയാക്കാതെ കേരളത്തിലെ ഒരു ബാങ്കിൽനിന്നും ഒരു നയാപൈസയുടെ ലോൺപോലും ലഭിക്കില്ല. അത്രയും ഗുരുതരമായ വിഷയമാണ്. അത്തരം കുടുംബങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. അത്രയും വലിയ പ്രശ്നങ്ങളാണ് അവിടെയുള്ളത്. അതുപോലെ നഷ്ടപ്പെട്ട രേഖകൾ തിരിച്ചുനൽകാൻ വേണ്ടിയുള്ള സംവിധാനങ്ങൾ മന്ദഗതിയിലാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, എട്ടുമാസമായി ദുരന്തബാധിതരുടെ പേരുവിവരങ്ങളടങ്ങിയ ഒരു ലിസ്റ്റ് പോലും ഇതുവരെ അന്തിമമായി പൂർത്തിയായിട്ടില്ല. അങ്ങ് ഒന്ന്, രണ്ട്, മൂന്ന് ലിസ്റ്റുകളുടെ കാര്യം പറഞ്ഞു. ആദ്യത്തെ ലിസ്റ്റിന്റെ കംപ്ലെയിന്റ് നൽകേണ്ട ദിവസം മാർച്ച് മാസം 13-ാം തീയതിയാണ്. 2018-ലെ വെള്ളപ്പൊക്കത്തിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ദുരന്തമുണ്ടായത് എന്റെ നിയോജകമണ്ഡലത്തിലാണ്. 2000 വീടുകൾ പൂർണ്ണമായും മൂവായിരത്തിലധികം വീടുകൾ ഭാഗികമായും തകർന്നു. 22 സ്കൂളുകൾക്ക് നാശനഷ്ടങ്ങളുണ്ടാകുകയും 500-ലേറെ കർഷകരുടെ

കൃഷിസ്ഥലങ്ങൾ നശിച്ചുപോകുകയും ചെയ്തു. വയനാട്ടിലുണ്ടായതിന്റെ പത്തിരുപതിരട്ടി നഷ്ടമാണ് അവിടെയുണ്ടായത്. ഞങ്ങൾ ഒരു മാസം കൊണ്ട് അവിടത്തെ മുഴുവൻ ദുരന്തബാധിതരുടെയും ലിസ്റ്റ് തയ്യാറാക്കി. അത് ഞാൻ മാത്രമല്ല തയ്യാറാക്കിയത്. ജില്ലാഭരണകൂടമുൾപ്പെടെ ഈ സർക്കാർ ഭരണത്തിലിരിക്കുമ്പോൾതന്നെയാണ് അത് സംഭവിച്ചത്. ഞങ്ങളെല്ലാപേരുംകൂടി സഹകരിച്ച് ഒറ്റമാസംകൊണ്ടാണ് ലിസ്റ്റ് തയ്യാറാക്കിയത്. ഇവിടെ ആ പഞ്ചായത്തിലെ മൂന്ന് വാർഡുകളുടെ ലിസ്റ്റ് മാത്രമേയുള്ളൂ. ഞാൻ നേരത്തെ പറഞ്ഞ നമ്പറുമായി താരതമ്യം ചെയ്യാൻ പറ്റുന്ന നമ്പറുണ്ടോ; പത്തോ മുന്നൂറോ നാന്നൂറോ അല്ലെങ്കിൽ അഞ്ഞൂറോ പേരെ ബാധിക്കുന്ന വിഷയമാണ്. എട്ടാം മാസമായിട്ടും ദുരന്തബാധിതരുടെ അന്തിമമായ ലിസ്റ്റില്ല എന്നുപറഞ്ഞാൽ, ഞങ്ങൾക്ക് ഇവിടെ വന്ന് അക്കാര്യം പറയാതിരിക്കാൻ സാധിക്കുമോ; ഈ സഭയിൽ വന്ന് നമുക്ക് ഈ പരാതി പറയാതിരിക്കാൻ സാധിക്കുമോ; അതാണ് ഗൗരവമുള്ള വിഷയം. ഇവിടെ തയ്യാറാക്കിയ ലിസ്റ്റുകളിൽ ആകെ വൈരുദ്ധ്യമാണ്. എന്റെ കൈവശം ധാരാളം ദുരന്തബാധിതരുടെ പേരുണ്ട്. ബഹുമാനപ്പെട്ട ടി. സിദ്ദിഖിന് സമയം

ലഭിക്കാത്തതുകൊണ്ടാണ് അദ്ദേഹം ആ പേരുകളെ സംബന്ധിച്ച് സൂചിപ്പിക്കാത്തത്. റഷീദ്, കറുപ്പയ്യൻ, സാജൻ, അലിയാരുകുട്ടി എന്നിങ്ങനെ ദുരന്തബാധിതരായ നിരവധി ആളുകളുടെ പേരുകൾ എന്റെ കൈവശമുണ്ട്. നിങ്ങൾ ഈ മൂന്ന് ലിസ്റ്റുകൾ ഇറക്കിയിട്ടും അതിലൊന്നും ഈ പേരുകളില്ല. അവരെ എന്ത് ചെയ്യും? ഈ ദുരന്തം കണക്കാക്കിയിരിക്കുന്ന ചില സ്ഥലത്ത് 80 ശതമാനം ആളുകളെ ആ ലിസ്റ്റിലുൾപ്പെടുത്തി. ബാക്കി പത്തിരുപത് ശതമാനം ആളുകളോട് അവിടെതന്നെ ജീവിക്കാൻ പറഞ്ഞിരിക്കുകയാണ്. അവരെങ്ങനെ ജീവിക്കും? ചെളി ഒലിച്ചുപോയിരിക്കുന്ന സ്ഥലമാണ്. അവിടെ ജീവിക്കാൻ സാധിക്കില്ല. രണ്ടാമത്തെ ലിസ്റ്റിലും അപാകതയാണ്. ഒരു ബെയ്‌ലി പാലത്തിന്റെ അപ്പുറത്തേയ്ക്ക് ഈ വേനൽക്കാലത്തുപോലും മൂന്നുമണി കഴിഞ്ഞാൽ പോകാൻ പാടില്ലെന്നാണ് നിബന്ധനയുള്ളത്. ഇനി വരാൻ പോകുന്ന മഴക്കാലത്ത് അവരവിടെ എങ്ങനെ ജീവിക്കും? എത്രമാത്രം പ്രശ്നങ്ങളാണ്? ഈ ലിസ്റ്റിൽ മുഴുവൻ അപാകതകളുടെ കൂമ്പാരമാണ്. ഡി.ഡി.എം.എ. ലിസ്റ്റ് തയ്യാറാക്കിയതിൽ അപാകതയുണ്ടെങ്കിൽ റവന്യൂ വകുപ്പ് ഇടപെട്ട് അത് പരിഹരിക്കണം. ലിസ്റ്റ് എന്തിന്റെ അടിസ്ഥാനത്തിലാണ്

തയ്യാറാക്കേണ്ടത്? കറന്റ് ബിൽ, വെള്ളക്കരം, പഞ്ചായത്ത് കരം, വില്ലേജാഫീസിലെ കരം എന്നിവ അടയ്ക്കുന്നവരുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഈ ലിസ്റ്റ് തയ്യാറാക്കാം. ഈ ലിസ്റ്റ് എല്ലാം കമ്പയർ ചെയ്ത് അവിടത്തെ ഗ്രാമപഞ്ചായത്ത് നല്ലൊരു ലിസ്റ്റുണ്ടാക്കിയിട്ടുണ്ട്. ആ ലിസ്റ്റും ഡി.ഡി.എം.എ.-യുടെ ലിസ്റ്റും തമ്മിൽ വലിയ വ്യത്യാസമാണുള്ളത്. ആ ഗ്രാമപഞ്ചായത്ത് ഞങ്ങൾ പറഞ്ഞതുപോലെയാണ് ലിസ്റ്റ് തയ്യാറാക്കിയത്. ഞങ്ങളാണ് അന്ന് അവിടെ പോയി യോഗം കൂടി വില്ലേജാഫീസിലെയും പഞ്ചായത്തിലെയും കരം അടയ്ക്കുന്നവരുടെയും ഇലക്ട്രിസിറ്റി ബോർഡിലും വാട്ടർ അതോറിറ്റിയിലും ബിൽ അടയ്ക്കുന്നവരുടെയും ലിസ്റ്റ് എടുത്ത് കമ്പയർ ചെയ്ത് ഒരാളെയും വിട്ടുപോകാതെ ഒരു ലിസ്റ്റുണ്ടാക്കുക എന്ന സജഷൻ മുന്നോട്ടുവച്ചത്. ആ ഗ്രാമപഞ്ചായത്തിന്റെ കൈവശം ലിസ്റ്റുണ്ട്. എന്നാൽ ഡി.ഡി.എം.എ.-യുടെ ലിസ്റ്റിൽ ദുരന്തബാധിതരായിട്ടുള്ള ആളുകളിൽ പലരുടെയും പേരില്ല. എട്ടുമാസമായിട്ടും നമുക്ക് ലിസ്റ്റുണ്ടാക്കാൻ സാധിക്കാതെ പോയിയെന്ന് പറയുന്നത് ശരിയല്ല. വില്ലേജ് ഓഫീസിലും പഞ്ചായത്തിലും കരമടയ്ക്കുന്നത്, ഇലക്ട്രിസിറ്റി ബോർഡിലെ, വാട്ടർ അതോറിറ്റിയിലെ എന്നിവയെല്ലാംകൂടി

കംപെയർ ചെയ്ത്, ഒരാളെയും വിട്ട് പോകാത്തൊരു ലിസ്റ്റ് തയ്യാറാക്കണമെന്ന് ഞങ്ങൾ അന്ന് പറഞ്ഞു. ഗ്രാമപഞ്ചായത്തിന്റെ കൈവശം ആ ലിസ്റ്റ് ഉണ്ട്. പ്രസ്തുത ലിസ്റ്റിലുള്ള ദുരന്തബാധിതരായ പല ആളുകളും ഡി.ഡി.എം.എ.-യുടെ ലിസ്റ്റിൽ ഇല്ല. എട്ട് മാസമായിട്ടും നമുക്ക് ലിസ്റ്റ് തയ്യാറാക്കാൻ സാധിക്കാതെപോയെന്ന് പറയുന്നത് ശരിയല്ല. ഇത്തരത്തിൽ കടകളുൾപ്പെടെയുള്ള ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് ജീവിക്കാനായി എന്തെങ്കിലുമൊരു സംവിധാനം ചെയ്തുകൊടുക്കണ്ടേ; ആ ടൗണിൽ അതേ സ്ഥലത്ത് കടകൾ സ്ഥാപിച്ചു നൽകണ്ടേ? ഇപ്പോൾ സന്നദ്ധസംഘടനകൾ ചില കടകൾ ശരിയാക്കിക്കൊടുത്തു. എന്നാൽ ആ കടകൾക്ക് ഇലക്ട്രിസിറ്റി ബോർഡ് കണക്ഷൻ നൽകുന്നില്ല. തൊട്ടടുത്ത പള്ളിയിൽ നിന്ന് കണക്ഷൻ എടുത്തപ്പോൾ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ വന്ന് ആ കണക്ഷൻ വിച്ഛേദിച്ചു, ആരോടാ? ഈ പാവങ്ങളോട്. എന്നിട്ട് നേരത്തെയുള്ള ബില്ല് അയച്ചുകൊണ്ടിരിക്കുകയാണ്. കെ.എസ്.ഇ.ബി.-യുടെ ബില്ലും വാട്ടർ അതോറിട്ടിയുടെ ബില്ലും ഈ പാവങ്ങളുടെ കയ്യിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ടൗൺഷിപ്പിന്റെ പ്രശ്നത്തെക്കുറിച്ച് ഇവിടെ

സൂചിപ്പിച്ചു. അക്കാര്യങ്ങളുമായി ഞങ്ങളെല്ലാം സഹകരിച്ചതാണ്. ഞങ്ങളെല്ലാം സ്വന്തമായി ഭൂമിയെടുത്ത് അവിടെ വീട് നിർമ്മിച്ച് നൽകാൻ തീരുമാനിച്ചതാണ്. മുസ്ലീംലീഗിന്റെ നൂറ് വീടുകൾ, ശ്രീ. രാഹുൽ ഗാന്ധി പ്രഖ്യാപിച്ച നൂറ് വീടുകൾ, കർണ്ണാടക ഗവൺമെന്റിന്റെ നൂറ് വീടുകൾ, യൂത്ത് കോൺഗ്രസ് പ്രഖ്യാപിച്ച മുപ്പത് വീടുകൾ എന്നിങ്ങനെയാണ് ഞങ്ങൾ നൽകാമെന്ന് പറഞ്ഞത്. ഞങ്ങൾ സ്ഥലമെടുക്കാമെന്ന് പറഞ്ഞപ്പോഴാണ് സർക്കാർ ടൗൺഷിപ്പിന്റെ പ്രോജക്ട് കൊണ്ടുവരുന്നത്. അതുമായി ബന്ധപ്പെട്ട് കേസ് ഉണ്ടായിയെന്ന് നിങ്ങൾ പറഞ്ഞു. നിങ്ങൾ എങ്ങനെയാണ് സ്ഥലം ഏറ്റെടുത്ത്; അവരുമായി നെഗോഷിയേറ്റ് ചെയ്യാതെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടനുസരിച്ച് നിങ്ങൾ സ്ഥലമേറ്റെടുത്തു. അവർ അതിനുള്ള പണം നൽകില്ലെന്ന് പറഞ്ഞു. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടനുസരിച്ച് പെർമനന്റായി സ്ഥലം ഏറ്റെടുക്കാൻ കഴിയില്ല. ഒരു ദുരന്തമുണ്ടാകുമ്പോൾ താത്ക്കാലികമായി മാത്രമെ സ്ഥലം ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. കെ. രാജൻ</u>: സർ, 2013-ലെ എൽ.എ.ആർ.ആർ. ആക്ട് അനുസരിച്ച് ഭൂമി ഏറ്റെടുക്കണമെങ്കിൽ കാലതാമസം ഉള്ളതുകൊണ്ട് ഡിസാസ്റ്റർ

മാനേജ്മെന്റ് ആക്ടനുസരിച്ച് ഭൂമിയേറ്റെടുക്കാൻ അനുവാദം വേണം; എന്നാൽ 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം നഷ്ടപരിഹാര തുക അതിന്റെ നടപടിക്രമങ്ങൾ അനുസരിച്ച് കണക്കാക്കി നൽകുന്നതിൽ വിരോധമില്ലായെന്നാണ് കേസ് ആദ്യം കോടതി പരിഗണിച്ചതുമുതൽ കേരളത്തിലെ ഗവൺമെന്റ് പറഞ്ഞത്. അതനുസരിച്ച് കോടതി 27-12-2025-ന് അത് പൂർണ്ണമായും അംഗീകരിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടനുസരിച്ച് ഭൂമിയേറ്റെടുക്കാമെന്നും എന്നാൽ ആ ആക്ടനുസരിച്ച് ഭൂമിയേറ്റെടുക്കുമ്പോൾ പിന്നീട് വേണ്ട നഷ്ടപരിഹാരം എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 26 മാത്രം ഉപയോഗിച്ചുകൊണ്ട് കൊടുക്കണമെന്നും നിശ്ചയിച്ചു. ഭൂമിയേറ്റെടുക്കുന്നതിനെ സംബന്ധിച്ച് വീണ്ടും ഒരു കേസ് കൂടി കോടതി മുമ്പാകെ വന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടനുസരിച്ച് ഭൂമിയേറ്റെടുത്ത നടപടിയെ സ്റ്റേ ചെയ്യുന്നില്ല എന്നാണ് ആ കേസുമായി ബന്ധപ്പെട്ട് കോടതി പറഞ്ഞത്. അതിനാൽ ഭൂമിയേറ്റെടുക്കാൻ ഒരു തടസ്സവുമില്ല. ആളുകളെ ആശങ്കപ്പെടുത്തരുത്. മാർച്ച് 27-ാം തീയതി അവിടെ നിർമ്മാണപ്രവർത്തനം ആരംഭിക്കും. അതനുസരിച്ചുള്ള എല്ലാ ഡെവലപ്മെന്റും ആ ഭൂമിയിൽ ഇപ്പോൾ

നടന്നുകൊണ്ടിരിക്കുകയാണ്. ഭൂമിയേറ്റെടുത്തതിനെക്കുറിച്ച് ഒരു തർക്കവും കോടതി ഉന്നയിച്ചിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് വൈകാനുള്ള കാരണമാണ് ഞാനിവിടെ സൂചിപ്പിച്ചത്. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടനുസരിച്ച് temporary purpose-ന് മാത്രമെ take over ചെയ്യാൻ സാധിക്കുകയുള്ളൂ. Permanent ആയിട്ടുള്ള ഭൂമി പണം കൊടുക്കാതെ ഏറ്റെടുക്കാൻ കഴിയില്ല. പണം കൊടുക്കാതെ ആയപ്പോഴാണ് അവർ കോടതിയിൽ പോയത്. ആ delay-യാണ് യഥാർത്ഥത്തിൽ ഉണ്ടായത്. അർജ്ജുൻ എന്നയാളെ കർണ്ണാടകയിൽ വച്ച് ലോറിയോടുകൂടി കാണാതെയായി. എത്ര ദിവസമാണ് അയാൾക്കുവേണ്ടി തിരച്ചിൽ നടത്തിയത്? 73 ദിവസം തിരച്ചിൽ നടത്തിയാണ് ലോറി കണ്ടെത്തിയത്. കാണാതായി ഏകദേശം 30 ദിവസം കഴിഞ്ഞപ്പോൾ വലിയ മഴയുണ്ടായതിനാൽ തിരച്ചിൽ നടത്തുന്നത് ദുഷ്കരമാകുകയും തിരച്ചിൽ താത്ക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു. അന്ന് നമ്മുടെ മന്ത്രിമാർ ഉൾപ്പടെയുള്ളവർ കർണ്ണാടക ഗവൺമെന്റിനെ രൂക്ഷമായി വിമർശിച്ചു. എന്നാലവിടത്തെ പ്രകൃതി അനുകൂലമായപ്പോൾ അവർ തെരച്ചിൽ

പുനഃരാരംഭിക്കുകയും കാണാതായ അർജ്ജുനെയും ലോറിയും കിട്ടുന്നതുവരെ അവരവിടെ തെരച്ചിൽ നടത്തുകയും ചെയ്തു. ഇവിടെ 33 പേരെ കാണാതെയായി. നിങ്ങൾ ഈ അന്വേഷണം എന്ന് അവസാനിപ്പിച്ചതാണ്; നിങ്ങൾ എത്ര ദിവസം തെരച്ചിൽ നടത്തി? എന്റെ കയ്യിൽ ഡേറ്റ് ഉണ്ട്. സമയപരിമിധി മൂലം ഞാൻ സൂചിപ്പിക്കുന്നില്ല. നിങ്ങൾ പ്രധാനമന്ത്രി ഇറങ്ങിയപ്പോൾ നിർത്തി ഇറങ്ങിപ്പോന്നു. 32 പേരെ കാണാതായതായി എന്ന് പ്രഖ്യാപിച്ചിട്ട് എത്ര ദിവസമായി, അവരുടെ കുടുംബത്തിന് ഡെത്ത് സർട്ടിഫിക്കറ്റ് പോലും ഇതുവരെ നൽകിയിട്ടില്ല.

ശ്രീ. കെ. രാജൻ: സർ, ഇത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയുന്ന നിയമമാണ്. താത്ക്കാലികമായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ 30 ദിവസത്തെ നോട്ടീസ് വേണം. പ്രസ്തുത നോട്ടീസിൻമേൽ പരാതി ലഭിച്ചാൽ അതിന്മേലുള്ള നടപടി ഒരു മാസത്തിനകം തീർപ്പാക്കണം .....(മൈക്ക് ഓഫ്).....

മി. സ്പീക്കർ : അങ്ങനെ പറ്റില്ല, അദ്ദേഹത്തിന്റെ പ്രസംഗത്തിനുശേഷം സംസാരിക്കാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നിങ്ങൾ എത്രയോ മാസങ്ങൾ മുൻപുതന്നെ തെരച്ചിൽ അവസാനിപ്പിച്ചു. തെരച്ചിൽ അവസാനിപ്പിക്കുകയും 32 പേരെ കാണാതായെന്ന് പറയുകയും ചെയ്തിട്ട് അവരുടെ ഡെത്ത് സർട്ടിഫിക്കറ്റ് പോലും നൽകിയിട്ടില്ല. <u>ഇതുപോലുള്ള</u> നിരവധി പ്രശ്നങ്ങളുണ്ട്. അവിടെയിപ്പോൾ ആളുകൾ ജീവിക്കുന്ന സ്ഥലത്ത് വ്യാപകമായി വന്യമൃഗശല്യമുണ്ട്. അവിടെയൊരു സ്ട്രീറ്റ് ലൈറ്റുപോലും കെ.എസ്.ഇ.ബി. ഇട്ടിട്ടില്ല. ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവർ അനേകം തവണ ആവശ്യപ്പെട്ടു. എന്നിട്ടും ചികിത്സാ സഹായമില്ല, ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് സഹായം നൽകിയില്ല, കൃഷി സ്ഥലം നഷ്ടമായവർക്ക് സഹായം നൽകിയില്ല; എന്നാൽ ആറ് ഹെലിപാഡ് നിർമ്മിക്കുന്നതിനായി തുക നൽകിയെന്നാണ് പറയുന്നത്. വയനാട്ടിൽ ആറ് ഹെലിപാഡ് പണിതാൽ മതിയോ? അവിടത്തെ സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണമായി മാറിയിരിക്കുന്നു. വളരെ വികാരവായ്പോടുകൂടിയും പൊട്ടിത്തെറിച്ചുകൊണ്ടുമാണ് നമ്മൾ ഗവൺമെന്റിന്റെ ഭാഗമാണെന്ന് കരുതി അവർ നമ്മളോട് സംസാരിക്കുന്നത്. വളരെ വൈകാരികമായാണവർ

പ്രതികരിക്കുന്നത്. സ്ഥലം എം.എൽ.എ. അടക്കമുള്ള ഞങ്ങളെല്ലാവരോടും അവിടെ ചെല്ലുമ്പോൾ ജീവിക്കാൻ നിവൃത്തിയില്ലാത്ത പ്രശ്നങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, മരുന്നിന്റെ ചെലവ്, ജീവിക്കാനുള്ള അരി വാങ്ങാനുള്ള പണം എന്നിവയെക്കുറിച്ചാണ് പറയുന്നത്. വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. വളരെ വലിയ ദുരന്തമാണുണ്ടായത്. മറ്റുപലയിടങ്ങളിലും ഉണ്ടായ ദുരന്തങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഗവൺമെന്റിന് വളരെ വൃത്തിയായും ഭംഗിയായും പരിഹരിക്കാൻ കഴിയുമായിരുന്ന പ്രശ്നമാണ്. എന്നാൽ അനാവശ്യമായി ചുവപ്പുനാടയിൽ കുടുങ്ങി, കുടുങ്ങി, തീരുമാനമെടുക്കാതെ, ഒരു ലിസ്റ്റ് പോലും തയ്യാറാക്കാൻ പറ്റാതെ, ചികിത്സാ സഹായം കൊടുക്കാതെ, വിദ്യാഭ്യാസ സഹായം കൊടുക്കാതെ, വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമലയിലെ ദുരന്തബാധിതരോട് ഗവൺമെന്റ് ആദ്യം കാണിച്ച ആവേശമെല്ലാം മുഴുവൻ നഷ്ടപ്പെട്ടുത്തിയിരിക്കുന്നു. ഇപ്പോൾ പറഞ്ഞതുപോലെയല്ല, അവർ പ്രയാസത്തിലാണ്. അതിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഏറെ നേരം പ്രസംഗിച്ചു. അദ്ദേഹമിവിടെ നല്ലൊരു പ്രസംഗം നടത്തി. ഗവൺമെന്റ് ചെയ്തതൊക്കെ ഒന്നും വിടാതെ, അങ്ങ് നുള്ളിപ്പെറുക്കിപ്പറഞ്ഞു. ഈ ദുരന്തം കഴിഞ്ഞപ്പോഴുണ്ടായ മൊമന്റം അങ്ങേക്ക് ഓർമ്മയുണ്ടോ? ആ മൊമന്റമെന്ന് പറയുന്നത്, ലോകത്തിലെ ഇത്രയും വലിയൊരു ദുരന്തമുണ്ടായപ്പോൾ അവർക്കുവേണ്ടി എന്തും ചെയ്തുനൽകാൻ കേരളീയരായ വ്യക്തികളും സംഘടനകളും ബാക്കിയുള്ളവരുമെല്ലാം തയ്യാറായിരുന്നു. നിങ്ങൾ ആ മൊമന്റം കളയാതെയിരുന്നെങ്കിൽ അവരെല്ലാമിപ്പോൾ പുനരധിവസിക്കപ്പെട്ടിട്ടുണ്ടാകുമായിരുന്നു. ഇത്രയും കാലം കഴിഞ്ഞതിനുശേഷം നിങ്ങളവരെ പുനരധിവസിപ്പിച്ചിട്ടുണ്ടോ? അതിന് മറുപടി പറയണം. ഞങ്ങൾ അത് ചെയ്തു, ഞങ്ങൾ ഇത് ചെയ്തു, അവിടെ റോഡ് നന്നാക്കി, അവിടെ ഹെലി പാഡ് ഉണ്ടാക്കി, മരുന്ന് കൊടുത്തു എന്നൊക്കെ പറഞ്ഞു. മൂന്ന് മാസം കഴിഞ്ഞപ്പോൾ മരുന്നിന് കൊടുത്ത 300 രൂപ നിർത്തലാക്കി. അത്

ഇന്നിവിടെ ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചു. നിർത്തലല്ലേ നിയമം, നിർത്താതെ പറ്റുമോ എന്നാണ് പറഞ്ഞത്. ഞങ്ങളൊക്കെ ഈ നാട് ഭരിച്ചിട്ടുണ്ട്. മന്ത്രിസഭ ചേർന്ന് പ്രസ്തുത ചികിത്സാ സഹായം തുടരാനായി തീരുമാനിച്ചാൽ എന്താണ് കുഴപ്പം? ക്യാബിനറ്റിൽ തീരുമാനമെടുത്ത് പ്രസ്തുത ചികിത്സാ സഹായം നിങ്ങൾ തുടരണമായിരുന്നു. സർക്കാർ ആശുപത്രിയിൽ അവർക്ക് സൗജന്യ ചികിത്സ ലഭ്യമാണെന്ന് പറഞ്ഞു, അത് ഈ രാജ്യത്ത് ആദ്യമായി ഉണ്ടായതല്ല. നിങ്ങളിപ്പോൾ കേന്ദ്ര ഗവൺമെന്റിനെ ഒരുപാട് കുറ്റം പറഞ്ഞു, കേന്ദ്രമന്ത്രിയവിടെ പ്രസംഗിച്ചത് പറഞ്ഞു. എന്നാൽ നിങ്ങൾ വേറെയൊരു കാര്യം കൂടി ചെയ്യണമായിരുന്നു. ഇത്രയധികം സന്നദ്ധസംഘടനകളും ആളുകളും ഇവിടെ വന്ന് കയ്യയച്ച് സഹായം ചെയ്തു. ശരീരം കൊണ്ടും പണം കൊണ്ടും ഇത്രയധികം സഹായം ചെയ്ത അവർക്ക് ഇത്രയും നേരം പ്രസംഗിച്ചിട്ടും ഒരു നന്ദിയെങ്കിലും നിങ്ങൾ പറഞ്ഞോ? നന്ദി പറഞ്ഞത് ഞാൻ കേട്ടില്ല. നിങ്ങളോടൊപ്പം നിന്ന് പ്രവർത്തിച്ച സന്നദ്ധസംഘടനകളുടെ മൊമന്റം കളയാതെ നിങ്ങൾ നിന്നിരുന്നുവെങ്കിൽ..... സർക്കാരാണ് ഈ എസ്റ്റേറ്റിന്റെ പിന്നാലെ നടന്നത്. ഈ ടൗൺഷിപ്പ്

നിർമ്മിക്കാൻ ഇത്ര താമസിക്കണമായിരുന്നോ? സർക്കാരിനെന്താ മെഷിനറിയല്ലേ.... ഞങ്ങൾ ആദ്യ ദിനം തന്നെ പറമ്പായ ഭൂമിക്ക് അഡ്വാൻസ് നൽകിയ ശേഷം സഹകരിക്കുമെന്ന് പറഞ്ഞ് ഇതുവരെ നിങ്ങളുടെ പിന്നാലെ നടന്നതാണ് ... ഇപ്പോൾ ഏഴ് മാസമായിട്ടും റവന്യൂ വകുപ്പിന് ഭൂമി കണ്ടെത്താൻ കഴിഞ്ഞില്ല, വയനാട്ടിലെന്താ പറമ്പില്ലേ?

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്. ഡെപ്യൂട്ടി ലീഡർ, പ്ലീസ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞങ്ങൾ വാങ്ങിയല്ലോ; മുട്ടിൽ നിന്ന് അധികം ദൂരമില്ലാത്ത സ്ഥലത്ത് പറമ്പ് കച്ചവടം ചെയ്ത് അഡ്വാൻസ് നൽകിയിട്ടാണ്. രണ്ടോ മൂന്നോ തവണ ഞാൻ മന്ത്രിയുടെ ഓഫീസിലും വന്നു.

മി. സ്പീക്കർ: യെസ്... പ്ലീസ്. ഡെപ്യൂട്ടി ലീഡർ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞങ്ങൾ സഹകരിക്കാമെന്ന് പറഞ്ഞുകൊണ്ട് ഏഴ് മാസം ഗവൺമെന്റിന്റെ പിന്നാലെ നടന്നു. അവിടെ ചികിത്സാ സഹായമില്ല. ആദിവാസികളുൾപ്പെടെയുള്ള പല ആളുകളും അവിടെ കഷ്ടപ്പെടുകയാണ്. 'ഏട്ടിലെ പശു പുല്ല് തിന്നുകയില്ല' എന്നൊരു ചൊല്ലുണ്ട്. അതുപോലെ ഇങ്ങനെ പ്രസംഗിച്ചിട്ട് കാര്യമുണ്ടോ? അവർക്ക് എന്തെങ്കിലും

ചെയ്തുകൊടുക്കണം. ഗവൺമെന്റിനും അതിന്റെ മെഷിനറിക്കും മന്ത്രിസഭയ്ക്കുമെല്ലാം നിയമത്തിൽ ഭേദഗതി വരുത്താൻ സാധിക്കും. നിങ്ങൾ മനോഹരമായ ടൗൺഷിപ്പിന്റെ കാര്യം പറഞ്ഞ് കാലം കഴിച്ചു. വയനാട്ടിലെ എസ്റ്റേറ്റ് ഭൂമി ഏറ്റെക്കാൻ കഴിയില്ലെന്ന് നിങ്ങൾക്കറിയില്ലേ? എസ്റ്റേറ്റ് ഭൂമി ഏറ്റെടുക്കാൻ പോയിട്ടുണ്ടെങ്കിൽ പ്രശ്നങ്ങളുണ്ടാകും. ആദ്യം ബേസിക്കായിട്ടുള്ള കാര്യങ്ങൾ....

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ഡെപ്യൂട്ടി ലീഡർ... പ്ലീസ്...

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ കൂടുതൽ പറയുന്നില്ല. ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്തിട്ടാണ് ഇവിടെ നിൽക്കുന്നത്. ചികിത്സാ ധനസഹായം, കച്ചവടം നഷ്ടപ്പെട്ടവർക്കുള്ള സഹായം, എല്ലാം സഹായങ്ങളും ഗവൺമെന്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്തിരിക്കുന്നത്. സ്വന്തം ഇഷ്ടപ്രകാരം ഞങ്ങളൊന്നും ചെയ്തിട്ടില്ല. ഈയടുത്ത കാലത്ത് കിറ്റ് വിതരണം ചെയ്തതും നിങ്ങളുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ്. ഇതിലൂടെ ഞങ്ങൾ ചെയ്തതൊന്നും എടുത്ത് പറയുന്നതല്ല. സന്നദ്ധ സംഘടനകൾ മുഴുവൻ ഈ രൂപത്തിൽ ചെയ്യാൻ

തയ്യാറായിരുന്നു, ചെയ്യുമായിരുന്നു, ചെയ്തുകൊണ്ടിരിക്കുമായിരുന്നു. നിങ്ങൾ അതൊന്ന് കോ-ഓർഡിനേറ്റ് ചെയ്താൽ മാത്രം മതിയായിരുന്നു. കേന്ദ്രഗവൺമെന്റ് ചെയ്യാത്തതിൽ ഞാൻ കുറ്റം പറയാതിരിക്കുന്നുവെന്ന് ആരും വിചാരിക്കേണ്ട. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചിട്ടും ഒന്നും ചെയ്യാതെ പോയതിന്റെ അപമാനം അദ്ദേഹത്തിന് തന്നെയാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ വിലയാണ് നഷ്ടപ്പെട്ടത്. പ്രധാനമന്ത്രി പോയിട്ടും കാര്യമില്ല എന്നതാണ് അദ്ദേഹമിവിടെ സ്ഥാപിച്ചെടുത്തത്. അതുകൊണ്ട് ഈ അലംഭാവം ഉപേക്ഷിച്ച് ഗവൺമെന്റ് ഇനിയെങ്കിലും..., ലോകം കണ്ടിട്ടില്ലാത്ത ഈ ദുരന്തത്തിൽ..... വാർ ഫൂട്ടിങ്ങ് എന്നൊക്കെ നമ്മൾ പറയാറില്ലേ? ആ രീതിയിൽ ഒന്ന് പ്രവർത്തിക്കണമെന്ന് പറയുകയാണ്. അതിന്റെ ഒരു ലക്ഷണവും കാണാത്തതുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, മുണ്ടക്കൈയിലെയും ചൂരൽമലയിലെയും ദുരന്തബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് വലിയ കാലതാമസമുണ്ടായ സാഹചര്യത്തിലാണ് പ്രതിപക്ഷം ഈ വിഷയം നിയമസഭയിൽ കൊണ്ടുവന്നത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കാലതാമസം ഒഴിവാക്കി ഇനിയെങ്കിലും പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയുന്ന വിധത്തിലുള്ള നേതൃത്വപരമായ പങ്ക് ഗവൺമെന്റ് വഹിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉപനേതാവും ചൂണ്ടിക്കാണിച്ചതുപോലെ, കാര്യങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യണമെന്നാണ് സൂചിപ്പിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് ലഭ്യമാകുന്നതും രാജ്യത്തെമ്പാടും പ്രവാസികൾ ഉൾപ്പെടെ ഇക്കാര്യത്തിൽ സഹായിക്കാൻ കഴിയുന്ന വിധത്തിൽ മുന്നോട്ടുവന്നതിനെ പ്രയോജനപ്പെടുത്തിക്കൊണ്ട് ആ പാവങ്ങളായ ദുരന്തബാധിതരെ പുനരധിവസിപ്പിക്കണം. കേരളം മുൻഗണന നൽകേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമായി ഇതിനെ കണക്കാക്കി കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ഇനിയെങ്കിലും തയ്യാറാകണം. അത്തരം

കാര്യങ്ങളിലേക്ക് ഫലപ്രദമായ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, വയനാട് ദുരന്തത്തിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനം തികച്ചും പ്രതിഷേധാർഹമായ ഒന്നുതന്നെയാണ്. സംസ്ഥാന സർക്കാർ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ടതും അനിവാര്യമായതുമായ കാര്യങ്ങളിൽ ഒന്ന്, പുനരധിവസ പ്രവർത്തനങ്ങളുടെ ലിസ്റ്റ് പൂർത്തിയാക്കുന്നതിനെ സംബന്ധിച്ചാണ്. ഒപ്പംതന്നെ ദുരന്തബാധിതരുടെ തുടർചികിത്സയ്ക്ക് വേണ്ടിയുള്ള ക്രമീകരണങ്ങൾ...... എത്ര രൂപയാണെങ്കിലും ചെലവാക്കുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞത് സ്വാഗതാർഹമായ കാര്യമാണ്. പക്ഷേ അത് ഇക്കാര്യത്തിലുണ്ടാകുന്നില്ല. ദുരന്തബാധിതർക്ക് പുനരധിവസ ഭൂമിയായി കൊടുക്കാനുദ്ദേശിക്കുന്നത് 10 സെന്റായി നിജപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം. നിലവിൽ അഞ്ച് മുതൽ ഏഴ് സെന്റ് എന്നാണ് കണക്കാക്കിയിട്ടുള്ളത്. 10 സെന്റ് ഭൂമിയായി കൊടുക്കാനുള്ള

നടപടിയുണ്ടാകണം. അതോടൊപ്പം മൃതശരീരം ലഭ്യമാകാതെ മരണം സ്ഥിരീകരിച്ച 32 പേരുടെയും ബന്ധുക്കൾക്ക് മരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടികളും വേഗതയിൽ ഉണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. നേരത്തെ ഇക്കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും സൂചിപ്പിച്ചിരുന്നു. അതുകൊണ്ട് ഈ സഭ അറിയാനും നാട്ടുകാർ തെറ്റിദ്ധരിക്കാതിരിക്കാനും വേണ്ടിയാണ് ഇത് പറയുന്നത്. കാണാതായവരുടെ മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഉന്നയിച്ചുകൊണ്ട് 13-01-2025-ൽ 25/2025/ഡി.എം.ഡി. എന്ന ഉത്തരവ് ഇറക്കി. ഇന്ത്യയിൽ എവിടെയെങ്കിലും ഒരു ദുരന്തമുണ്ടായി ആറ് മാസത്തിനുള്ളിൽ ഇങ്ങനെയൊരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ? എന്നാൽ ഈ സർക്കാർ അത്തരത്തിലൊരു ഉത്തരവ് പുറപ്പെടുവിച്ചു. അതിനുള്ള പത്ര പരസ്യവും ഗസറ്റ് നോട്ടിഫിക്കേഷനും 10-02-2025-ൽ പ്രഖ്യാപിച്ചു. പരാതി സമർപ്പിക്കാനുള്ള കാലാവധി തീർന്നു. ഇന്നോ നാളെയോ ആയി ആ ലിസ്റ്റ്

ഔപചാരികമായി പ്രഖ്യാപിച്ച് ദുരന്തത്തിൽ കാണാതായി മരണപ്പെട്ടെന്ന് സ്ഥിരീകരിക്കപ്പെട്ടവരുടെ ബന്ധുക്കൾക്ക് മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യും.

ശ്രീ. അനൂപ് ജേക്കബ്: സർ, 44 പേരാണ് കാണാതായിരിക്കുന്നത്. അതിൽ 32 പേരുടെ മരണമാണ് സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നത്. അവരുടെ മരണ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെന്നുള്ള പരാതി നിലനിൽക്കുന്നു എന്നുള്ളതുകൊണ്ടാണ് ഞങ്ങളിവിടെ ചൂണ്ടിക്കാണിച്ചത്. അതോടൊപ്പം ഡി.എൻ.എ. റിസൾട്ടിനകത്തുള്ള അപാകതകളും ഇവിടെ ചൂണ്ടിക്കാണിച്ചൊരു വിഷയമാണ്. മരണപ്പെട്ട് കാണാതായവർക്കുവേണ്ടിയുള്ള നഷ്ടപരിഹാരമടക്കമുള്ള കാര്യങ്ങൾ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നു. ഈ വിഷയങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണണമെന്നും ഇവരുടെ പുനരധിവാസം എത്രയുംവേഗം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ചൂരൽമലയിലെയും മുണ്ടക്കൈയിലെയും ദുരന്തബാധിതർ വലിയ പ്രതിസന്ധിയിലാണ്. നാളെ എങ്ങനെയാണെന്ന് അറിയാൻ കഴിയാതെ പ്രയാസപ്പെട്ട് നിൽക്കുകയാണ് അവർ. അവർക്ക് വാഗ്ദാനം ചെയ്ത ഭൂമി 7 സെന്റ് മതിയാകില്ല. അതിനുപകരം 10 സെന്റ് ഭൂമിയെങ്കിലും കൊടുക്കണമെന്ന തീരുമാനത്തിൽ സർക്കാർ എത്തണം. അവരുടെ പുനരധിവാസം എത്രയുംവേഗം നടത്താനുള്ള നടപടി സ്വീകരിക്കണം. ഈ വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)